

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ദെനഹാ ലക്കം 2014



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

**ജന്മശതാബ്ദിവർഷം: 1914–2014**

# രക്ഷാകരസ്നേഹത്തിന് സ്വയം സമർപ്പിച്ചവൻ

മനുഷ്യൻ അവനവനായി മാത്രം എല്ലാം സമ്പാദിച്ചുകൂട്ടാൻ തത്രപ്പെടുന്ന ഒരു ലോകത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. അപരന്റെ വേദനയുടെയും കഷ്ടപ്പാടുകളുടെയും രോദനത്തിന്റെയും മുമ്പിൽ കണ്ണുമടച്ച് സ്വാർത്ഥനായ മനുഷ്യൻ കഴിഞ്ഞുകൂടുന്നു. എന്നാൽ പാപം ചെയ്ത് തന്നിൽനിന്നകന്നു പോയ മനുഷ്യനെ ഉപേക്ഷിച്ചു തള്ളുകയോ ശിക്ഷിക്കുകയോ ചെയ്യാതെ അവനെ രക്ഷിക്കാനായി ദൈവപുത്രൻ മനുഷ്യനായി അവതരിക്കുന്നു. ഈ മഹനീയ സംഭവത്തിലൂടെ അവിടുത്തെ രക്ഷാകരസ്നേഹമാണ് അവിടുന്നു പ്രകടമാക്കുന്നത്. എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് വിശന്നവരെ തീറ്റിപ്പോറ്റി, രോഗികളെ സുഖപ്പെടുത്തി, വേദനിക്കുന്നവരെ ആശ്വസിപ്പിച്ച്, പാപികളെ മാനസാന്തരപ്പെടുത്തി അവിടുന്നു അങ്ങോളമിങ്ങോളം സഞ്ചരിച്ചു. ഒടുവിൽ കുരിശിൽ മരിച്ചുകൊണ്ട് മനുഷ്യർക്ക് നിത്യരക്ഷ നേടിക്കൊടുത്തു. മറ്റുള്ളവരോടുള്ള സ്നേഹം ഈശോയുടെ ജീവിതത്തിന്റെ ഏറ്റവും അടുത്ത രഹസ്യങ്ങളുടെ കേന്ദ്രമായിത്തീർന്നു.

സ്നേഹരാഹിത്യമാണ് ഈ ലോകത്തിലെ എല്ലാ തിന്മകൾക്കും കാരണമെന്നും നിസ്വാർത്ഥ സ്നേഹം കൊണ്ടു മാത്രമേ മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളുവെന്നും മനസ്സിലാക്കിയ ഒരു മഹത്വ്യക്തിയാണ് ദൈവദാസനായ ബിഷപ് വില്യം ജക്വീൻതാ പിതാവ്. ഈശോയുടെ ഹൃദയത്തിലെ വികാരങ്ങൾ ആഴത്തിലറിഞ്ഞപ്പോൾ മറ്റുള്ളവർക്കുവേണ്ടി മാത്രമാണ് താൻ നിലനില്ക്കേണ്ടതെന്ന് അദ്ദേഹം മനസ്സിലാക്കി. എല്ലാം മറ്റുള്ളവരുടെ രക്ഷയ്ക്കായി പ്രവർത്തനോന്മുഖമാക്കുന്ന അവതരിച്ച വചനത്തെ അദ്ദേഹം ഈശോയിൽ കണ്ടെത്തി. അദ്ദേഹത്തിന്റെ പ്രാർത്ഥന ഇപ്രകാരമായിരുന്നു: "കർത്താവേ, അവിടുത്തെ പ്രവർത്തനോന്മുഖ ജീവിതത്തിൽ പങ്കുചേരാനാണ് എന്നെ വിളിക്കുന്നതെങ്കിൽ സഹോദരങ്ങൾക്കുവേണ്ടി എന്റെ മുഴുവൻ ശക്തിയും ഞാൻ ഉപയോഗിക്കും. നസ്രസ്സിലെ നിശ്ശബ്ദതയുടെ രഹസ്യങ്ങളിൽ പങ്കുചേരാനാണ് എന്നെ വിളിക്കുന്നതെങ്കിൽ സഹോദരങ്ങൾക്കുവേണ്ടി എന്റെ മറയപ്പെടലിനെ സന്തോഷപൂർവം ഞാൻ സ്വീകരിക്കും, പീഡാസഹനത്തിന്റെ രഹസ്യത്തിലേക്കാണ് എന്നെ വിളിക്കുന്നതെങ്കിൽ കാൽവരിയിൽ കുരിശിൽ കയറുന്നതിനും ഞാൻ പരിശ്രമിക്കും. അങ്ങെനിക്കു താല്ക്കാലിക പുകഴ്ത്തലുകൾ ഒരുക്കിയാൽ ഞാൻ അതും സ്വീകരിക്കും. എല്ലാം ആത്മാക്കൾക്കുവേണ്ടി ഞാൻ സ്വീകരിക്കും. കാരണം ഞാൻ ചലിക്കേണ്ടത് സഹരക്ഷാകർമ്മത്തിലൂടെയും എന്റെ പൗരോഹിത്യം അവശ്യം സഹരക്ഷാകർമ്മത്തിനുവേണ്ടിയുമാണ്. അതുകൊണ്ട് രക്ഷകനായ ഈശോയേ, ആത്മാക്കളുടെ രക്ഷിതാവേ, രക്ഷാകരകർമ്മത്തിനു സംലഭ്യനായിരിക്കാനുള്ള എന്റെ തീവ്രമായ ആഗ്രഹത്തെയും അങ്ങയുടെ രക്ഷാകരസ്നേഹത്തിനായുള്ള എന്റെ സമർപ്പണത്തെയും അങ്ങു സ്വീകരിക്കണമെ എന്നതു മാത്രമാണ് എന്റെ പ്രാർത്ഥന"

**വില്യം ജക്വീൻതാ പിതാവിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം**

കർത്താവേ, സ്വാർത്ഥതയും പരിതികളുമില്ലാത്ത അങ്ങയുടെ സ്നേഹത്തിൽ ജീവിച്ചുകൊണ്ട് രക്ഷാകരദൗത്യത്തിൽ പങ്കുകാരാകാൻ ഞങ്ങളെയും അനുഗ്രഹിക്കണമെ.

**വത്സമ്മ മുളവന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 32 ദെനഹാ ലക്കം 2014

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഹായകനും സത്യാത്മാവും 03
- സഹനവഴിയിൽ വിശ്വാസവിളക്കുമായി 06
- ദൈവസാന്നിദ്ധ്യം കൂദാശകളിലൂടെ 08
- പിതൃമൊഴി 10
- ജീവന്റെ ഉദയം 12
- ദൈവത്തെ പുറത്താക്കരുത് 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16–17
- **Proclaim the Faith and Save the Church** 18
- വി. മാർട്ടിൻ ഡി പോറസ് 20
- പരി. അമ്മ നമ്മുടെ ജീവിതത്തിൽ 24
- ജീവിതം ദൈവമഹത്ത്വത്തിനായി... 27
- സെനക്കിൾ തരംഗം 28
- ശൈശവ മാനസം 29
- സൂര്യൻ അസ്തമിക്കുമോ? 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 32

## എഡിറ്റോറിയൽ

# പ്രകാശമാകുക; പ്രകാശമേകുക

മുപ്പതുവർഷത്തെ രഹസ്യജീവിതത്തിനുശേഷം ജോർദ്ദാൻനദിയിൽ മാമ്മോദീസാ സ്വീകരിച്ച് പരസ്യജീവിതത്തിലേക്കു പ്രവേശിച്ച നീതിസൂര്യനായ ഈശോയുടെ പ്രത്യക്ഷീകരണം അനുസ്മരിച്ചുകൊണ്ടും ആഘോഷിച്ചുകൊണ്ടും ആരാധനാവത്സരത്തിലെ ദെനഹാക്കാലം കടന്നുവരുന്നു. ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗത്തിൽനിന്നും മുഴങ്ങിയ പിതാവിന്റെ സ്വരവും പ്രാവിന്റെ രൂപത്തിലുള്ള പരിശുദ്ധാരൂപിയുടെ കടന്നുവരവും (മത്താ 3,17) പരിശുദ്ധ ത്രിത്വത്തിന്റെ സ്വയം വെളിപ്പെടുത്തലായിരുന്നു.


ഈശോയുടെ പരസ്യജീവിതവും പിതാവിനോടും പരിശുദ്ധാത്മാവിനോടുമുള്ള അവിടുത്തെ ഗാഢമായ ബന്ധവും ഈശോയുടെ വ്യക്തിത്വവും ദൈവിക-മാനുഷികസ്വഭാവങ്ങളുമൊക്കെ ദെനഹാക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങളാണ്. പാപത്തിന്റെ അന്ധകാരത്തിൽ ചരിച്ചിരുന്നവർക്കും മാറാരോഗങ്ങളുടെയും തീരാവ്യാധികളുടെയും പൈശാചികശക്തികളുടെയും പീഡനങ്ങളുടെയും ചൂഷണത്തിന്റെയും അസമത്വത്തിന്റെയുമൊക്കെ നിഴലിൽ വസിച്ചിരുന്നവർക്കും ഈശോ ഉദയ(ദനഹാ)സൂര്യനായി. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ 8,12) എന്നു പറഞ്ഞുകൊണ്ട് അവിടുന്ന് മനുഷ്യകുലത്തെ ദൈവമാകുന്ന പ്രകാശത്തിലേക്കു നയിച്ചു.

മാമ്മോദീസാ സ്വീകരിച്ചതോടെ ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുഗമിക്കുവാനും അനുകരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്ന നമുക്ക് സ്വജീവിതത്തിലേക്കു തിരിഞ്ഞുനോക്കുവാൻ ഈ ദനഹാക്കാലം ഉപകരിക്കട്ടെ. സ്വയമെരിഞ്ഞ് മറ്റുള്ളവർക്ക് വെളിച്ചമേകുന്ന ഒരു തിരിപോലെ പ്രകാശമാകുവാനും മറ്റുള്ളവർക്ക് പ്രകാശമേകുവാനും കഴിയത്തക്കവിധം സ്വയം ശൂന്യമാക്കി നന്മ ചെയ്യുന്ന ജീവിതം നയിക്കാൻ നമുക്കു കഴിയട്ടെ.


**ഏവർക്കും ദെനഹാത്തിരുനാളിന്റെ മംഗളങ്ങൾ!**

**ചീഫ് എഡിറ്റർ**






**സെനക്കിൾ ആദ്ധ്യാത്മികത - 17**



# സഹായകനും സത്യാത്മാവും

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

തന്റെ ആസന്നമായ വേർപാടിൽ ദുഃഖിതരായ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറഞ്ഞു: "സത്യം ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും" (യോഹ 16,7). സഹായകനായ പരിശുദ്ധാത്മാവിനെക്കുറിച്ചാണ് ഈശോ ഇവിടെ പരാമർശിക്കുന്നത്. ഈ പരിശുദ്ധാത്മാവിനെ ഈശോയാണ് അയയ്ക്കുന്നത്. കാരണം, അത് ഈശോയുടെതന്നെ ആത്മാവാണ്. താൻ ഭൗതികശരീരത്തിൽ ജീവിച്ചിരിക്കുമ്പോൾ ആത്മാവായി ശിഷ്യരോടൊപ്പം ആയിരിക്കാൻ ഈശോയ്ക്ക് സാധിക്കുകയില്ല. അതുകൊണ്ടാണ് തന്റെ ഭൗതികജീവിതത്തിൽനിന്നും ആത്മീയമായ അവസ്ഥയിലേക്ക് താൻ മാറുന്നതാണ് അവർക്കു നല്ലതെന്ന് ഈശോ പറഞ്ഞത്. തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് ഈശോ തന്റെ ഭൗതികജീവിതത്തിൽനിന്നും ആത്മീയഅസ്തിത്വത്തിലേക്കു കടന്നത്. അങ്ങനെ എപ്പോഴും അവരുടെകൂടെയായിരുന്നുകൊണ്ട് അവരുടെ നിത്യസഹായകനായിത്തീരുമെന്ന് ഈശോ അവർക്ക് ഉറപ്പുകൊടുക്കുകയാണ്. നിത്യസഹായകനായ പരിശുദ്ധാത്മാവിന്റെ കുറ്റപ്പെടുത്തുകയും ബോദ്ധ്യപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന ദൗത്യത്തെക്കുറിച്ചാണ് യോഹ 16,7-15 ൽ പരാമർശിക്കുന്നത്.

### കുറ്റപ്പെടുത്തുന്ന സഹായകൻ

"അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ കുറ്റപ്പെടുത്തും" (യോഹ 16,8). 'ഏലെഗ്കെയിൻ' എന്ന ഗ്രീക്കുവാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കുറ്റവാളികളെ ന്യായാധിപന്റെ മുമ്പിൽ കുറ്റപ്പെ

ടുത്തുകയും അവർ ചെയ്ത തെറ്റിനെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്ന പ്രവൃത്തിയെക്കുറിക്കുന്ന വാക്കാണിത്. ഇവിടെ, പാപത്തെക്കുറിച്ച് കുറ്റപ്പെടുത്തുമെന്ന് എടുത്തുപറയുന്നുണ്ട്. നാം പാപംചെയ്യുമ്പോൾ അതു തെറ്റാണെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നവനാണ് സഹായകനായ പരിശുദ്ധാത്മാവ്. വിശ്വാസമില്ലായ്മയാണ് ഇവിടെ പാപം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് (യോഹ 16,9). എല്ലാ പാപങ്ങളും വിശ്വാസമില്ലായ്മയുടെ പ്രതിഫലനങ്ങളാണ്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന് അനുകൂലമായി പ്രത്യുത്തരം നല്കുന്നതാണ് വിശ്വാസം. അനുകൂലമായി പ്രത്യുത്തരിക്കുന്നവനിൽ പാപമുണ്ടാകുകയില്ല. അനുകൂലമായി പ്രത്യുത്തരിക്കുന്നതിൽ പരാജയപ്പെടുന്നതാണ് പാപം. അതുകൊണ്ട് എല്ലാ പാപങ്ങളും വിശ്വാസമില്ലായ്മയുടെ ബാഹ്യപ്രകാശനങ്ങളാണ്. അങ്ങനെ പാപംചെയ്യുവാൻ ഇടയായാൽ പശ്ചാത്തപിക്കുവാനും മാനസാന്തരപ്പെട്ട് വിശ്വാസത്തിൽ നവീകരിക്കപ്പെടുവാനും സഹായകനായ പരിശുദ്ധാത്മാവ് നമ്മോടൊപ്പമുണ്ടാകും.



### ബോദ്ധ്യപ്പെടുത്തുന്ന സഹായകൻ

സഹായകൻ നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും (യോഹ 16,8). ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്കിന് 'ബോദ്ധ്യപ്പെടുത്തുക' എന്നും അർത്ഥമുണ്ട്. നീതിയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നത് ഈശോ പിതാവിന്റെ പക്കലേക്ക് പോകുന്നതുകൊണ്ടും ഇനിമേലിൽ ശിഷ്യർ ഈശോയെ കാണുകയില്ലാത്തതുകൊണ്ടുമാണ് (യോഹ 16,10). ഈശോയുടെ മരണവും ഉത്ഥാനവുമാണ് ഇവിടെ പരാമർശിക്കുന്നത്. പാപത്തെ പരാജയപ്പെടുത്തി ഈശോ നീതി പുനസ്ഥാപിച്ചത് തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണല്ലോ. ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷികളായവർ അവിടുത്തെ നീതി അംഗീകരിക്കുവാൻ ഇടയായി. ഈശോയുടെ കുരിശുമരണത്തിനു കാവൽനിന്നിരുന്ന ശതാധിപനും കൂടെയുണ്ടായിരുന്നവരും "സത്യമായും ഇവൻ ദൈവപുത്രനായിരുന്നു" (മത്താ 27,54) എന്ന് ഏറ്റുപറഞ്ഞു (മത്താ 27,54). ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ ദമാസ്ക്കസിലേക്കു പോയ സാവൂൾ ഉത്ഥിതനായ മിശിഹായുടെ ദർശനത്തിലൂടെ തീക്ഷ്ണമതിയായ ശ്ലീഹായായി മാറി (നട 9,1-9). ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചത് ബോദ്ധ്യപ്പെടുത്തുന്ന സഹായകനായ പരിശുദ്ധാത്മാവാണ്. അതുപോലെ തന്നെ തെറ്റുചെയ്യുന്നവനിൽ ന്യായവിധിയെക്കുറിച്ചുള്ള ബോദ്ധ്യം നല്കുന്നതും സഹായകനായ പരിശുദ്ധാത്മാവാണ്.



### സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നവൻ

സഹായകനായ പരിശുദ്ധാത്മാവിനെ 'സത്യത്തിന്റെ ആത്മാവ്' എന്നാണ് വി. യോഹന്നാൻ വിശേഷിപ്പിക്കുന്നത്. 'സത്യം' എന്നത് യോഹന്നാൻസുവിശേഷകന്റെ കാഴ്ചപ്പാടിൽ ദൈവത്തിന്റെ വചനമാണ്: "അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ. അവിടുത്തെ വചനമാണ് സത്യം" (യോഹ 17,17). ദൈവവചനം ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ്. ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തലിന്റെ പൂർണ്ണത മിശിഹായിലാണ് നമുക്കു ലഭിച്ചത് (ഹെബ്രാ 1,1-2). അതുകൊണ്ട് മിശിഹാതന്നെയാണ് സത്യം: "ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14,6). മിശിഹായിൽ പൂർണ്ണതയിലെത്തിയ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുവാൻ നമുക്ക് പരിമിതികളുണ്ട്. നാം മിശിഹായിൽ വിശ്വസിക്കുന്നവരാണെങ്കിലും മിശിഹായെ പൂർണ്ണമായി മനസ്സിലാക്കുവാനോ മിശിഹായിൽ പൂർണ്ണമായി ജീവിക്കുവാനോ നമുക്കു കഴിയുന്നില്ല. അത് സാവകാശമുള്ള ഒരു വളർച്ചയുടെ പ്രശ്നമാണ്. ഈ വളർച്ചയിൽ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്.

### സത്യാത്മാവും മിശിഹായുടെ ആത്മാവും

സത്യാത്മാവെന്ന നിലയിൽ പരിശുദ്ധാത്മാവ് മിശിഹായുടെ ആത്മാവാണ്. യോഹന്നാന്റെ പന്തക്കുസ്താ എന്നറിയപ്പെടുന്ന സുവിശേഷഭാഗം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഉത്ഥാനശേഷം ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നത് ഉത്ഥിതനായ മിശിഹാതന്നെയാണ്: "ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). മിശിഹായുടെ നിശ്വസനമായിട്ടാണ് പരിശുദ്ധാത്മാവ് നല്കപ്പെടുന്നത്. മിശിഹായോട് അഭേദ്യമായി ബന്ധപ്പെട്ടുമാത്രമേ പരിശുദ്ധാത്മാവിനു പ്രവർത്തിക്കാനാവൂ: "അവൻ സ്വമേയധാ ആയിരിക്കുകയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതുമാത്രം സംസാരിക്കും. ... അവൻ എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്ത്വപ്പെടുത്തും" (യോഹ 16,14). മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ എല്ലാം ഉൾക്കൊള്ളാൻ അവിടുത്തെ പരസ്യജീവിതകാലത്ത് ശ്ലീഹന്മാർക്ക് കഴിഞ്ഞില്ല (യോഹ 16,12). ഉത്ഥാനശേഷം തന്റെ ആത്മാവിലൂടെ സഭയിൽ വസിച്ചുകൊണ്ട് അവിടുന്ന് അവരെ തുടർന്നു പഠിപ്പിക്കുമെന്ന് ഇതു വ്യക്തമാക്കുന്നു. ശ്ലൈഹികപാരമ്പര്യത്തിലൂടെയും സഭയുടെ ഔദ്യോഗികപ്രബോധനത്തിലൂടെയുമാണ് ഇന്ന് ഈ സത്യാത്മാവിന്റെ പ്രബോധനം സഭയിൽ പ്രാവർത്തികമാകുന്നത്.

> സ്വന്തം മരണവും ഉത്ഥാനവും തന്റെ മാമ്മോദീസായിൽ മുൻകൂട്ടി അനുഭവിച്ച ഈശോയിൽ, മാമ്മോദീസായിലൂടെ ക്രിസ്ത്യാനി കൗദാശികമായി സ്വാംശീകരിക്കപ്പെടുന്നു. എളിമപ്പെടുത്തലിന്റെയും അനുതാപത്തിന്റേതുമായ ഈ രഹസ്യത്തിലേക്ക് ഓരോ ക്രിസ്ത്യാനിയും പ്രവേശിക്കണം; ഈശോയോടൊത്ത് ഉയിർക്കേണ്ടതിനായി അവിടുത്തോടൊപ്പം ജലത്തിലേക്ക് ഇറങ്ങണം; ദൈവപുത്രനിൽ പിതാവിന്റെ പ്രിയമകനായിത്തീരാനും നവ്യജീവിതത്തിൽ വ്യാപരിക്കാനുമായി ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം. (CCC 537)



# സഹനവഴിയിൽ വിശ്വാസവിളക്കുമായി

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജീവിതത്തിൽ പ്രതീക്ഷകൾക്കും വിശ്വാസത്തിനും സ്വപ്നങ്ങൾക്കും സ്ഥാനമുണ്ടോ? അതോ അവയൊക്കെ വെറും മിഥ്യാബോധത്തിലേക്ക് നമ്മെ താഴ്ത്തിവിടുകയാണോ ചെയ്യുക? ഈ വലിയ ചോദ്യത്തിനു മുമ്പിൽ തന്റെ ജീവിതം കൊണ്ട് ഉത്തരം നല്കുകയാണ് ലൂക്കാ പൗളിനോ എന്ന ഇറ്റാലിയൻ യുവാവ്. 11 വർഷമായി തന്റെ ശരീരത്തെ ബാധിച്ച മാരകരോഗത്തിന്റെ ഫലമായി കണ്ണിന്റെ കൃഷ്ണമണി ഒഴികെ മറ്റൊരു ശരീരഭാഗങ്ങളും സ്വയമേ ചലിപ്പിക്കാനാവാത്ത അവസ്ഥയിലാണിന്നദ്ദേഹം. എന്നാൽ യൗവ്വനത്തിൽതന്നെ ആ ജീവിതത്തിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും തകർത്തെറിഞ്ഞ ഭയാനകമായ ദൗർഭാഗ്യത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവമാണ് നമ്മെ അത്ഭുതപ്പെടുത്തുക.

1971 ജനുവരി 27-ന് ഇറ്റലിയിൽ റോമിനടുത്ത് കപ്രാനിക്കാ എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ ജനനം. തന്നെക്കുറിച്ചുതന്നെ അദ്ദേഹം പറയുന്നു: "കുടുംബത്തോടും സുഹൃത്തുക്കളോടും ഒപ്പം ജോലിയും യാത്രകളും ഒക്കെയായുള്ള ഒരു മനോഹര ജീവിതമായി



രുന്നു എന്റേത്. ഒരു പുരാവസ്തു ഗവേഷകനോ, ജീവശാസ്ത്രകാരനോ ആകാനായിരുന്നു എന്റെ ആഗ്രഹം. പക്ഷേ എന്റെ സ്വപ്നങ്ങൾക്കെല്ലാം വിപരീതമായി ഒരു ബാങ്കിലാണ് എനിക്ക് ജോലി ലഭിച്ചത്. അതിൽ തൃപ്തനായിരിക്കാൻ ഞാൻ പരിശ്രമിച്ചിരുന്നു. ഫുട്ബോൾ ആയിരുന്നു എനിക്കു ഹരം. ഒരു പക്ഷേ ഞാൻ നൃത്തകലാകാരനായും മാറിയേനെ... കാരണം നൃത്തത്തിലും എനിക്ക് വലിയ കമ്പമായിരുന്നു. സൗഹൃദത്തിന്റെ വില ഞാൻ നന്നായി മനസ്സിലാക്കി. മറ്റുള്ളവരെ സഹായിക്കാൻ എനിക്കു വലിയ താല്പര്യമായിരുന്നു. വളരെയധികം സംഘർഷം അനുഭവിച്ച സാഹചര്യങ്ങളിൽ മാത്രമേ ഞാൻ കരഞ്ഞിട്ടുള്ളൂ. പുഞ്ചിരിക്കാനുള്ള എന്റെ കഴിവ് ഒരിക്കലും നഷ്ടമാക്കാതിരിക്കാൻ ഞാൻ പരിശ്രമിച്ചു".

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളെയും തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെയാണ് അദ്ദേഹം സമീപിച്ചത്. എന്നാൽ അപ്രതീക്ഷിതമായി കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച രോഗം അദ്ദേഹത്തിന്റെ ജീവിതത്തെ ആകമാനം മാറ്റിക്കളഞ്ഞു. 2002 ഫെബ്രുവരി 23: റോമിലെ പോളിക്ലിനികോ ജമ്മേല്ലി എന്ന ആശുപത്രിയിൽ അദ്ദേഹത്തിന്റെ രോഗം സ്ഥിരീകരിക്കപ്പെട്ടു – അമ്യോട്രോഫിക് ലാറ്ററൽ സ്കെളേറോസിസ് (Amyotrophic Lateral Sclerosis (ALS) രോഗം സ്ഥിരീകരിക്കപ്പെട്ടു. തലച്ചോറിന്റെയും മസ്സിലുകളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന സ്പൈനൽ കോഡിലെ ഞരമ്പുകളെയും ബാധിക്കുന്ന രോഗം. മസ്സിലുകൾ ശോഷിക്കുകയും സ്പൈനൽ കോഡ് ചുരുങ്ങുകയും ഒന്നും ചെയ്യാനാവാതെ ശരീരം തളരുകയും ചെയ്യുന്നു.

തന്റെ രോഗത്തിന്റെ ഭീകരത താമസിക്കാതെതന്നെ അദ്ദേഹം മനസ്സിലാക്കി. ഈ രോഗം ബാധിച്ചവരിൽ 50% പേരും $1\,^{1}/_{2}$ വർഷത്തിനുള്ളിൽ മരിക്കാറാണ് പതിവ്. 20% പേർ മാത്രം 5 വർഷത്തിനിടയിലും 10% പേർ മാത്രം 10 വർഷത്തിൽ കൂടുതലും ജീവിച്ചിരിക്കുന്നു. എന്നിട്ടും ലൂക്കാ തന്റെ പ്രതീക്ഷ നഷ്ടപ്പെടുത്തിയില്ല. അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ "ഇത്രമാത്രം ഭയാനകമായ ഒന്നിനെ നേരിടേണ്ടിവരുമെന്ന് എന്റെ വേദനാജനകമായ ദുഃസ്വപ്നങ്ങളിൽ പോലും ചിന്തിച്ചിരുന്നില്ല. എന്നാൽ ഒരു ദിവസം ഞാൻ സുഖപ്പെടും എന്ന എന്റെ വിശ്വാസം അവസാനിപ്പിക്കാൻ എനിക്ക് ഒട്ടും ഇഷ്ടമില്ലായിരുന്നു."

ഒട്ടുംതന്നെ പ്രതീക്ഷ ഇല്ല എന്നറിഞ്ഞിട്ടും, ഈ രോഗം പിടിപെട്ടവരാരും സുഖപ്പെട്ടിട്ടില്ല എന്നറിയാമായിരുന്നിട്ടും തന്റെ ഹൃദയത്തെ ശാന്തതയിൽ നിലനിർത്താൻ അദ്ദേഹം പരിശ്രമിച്ചു. രോഗം തിരിച്ചറിഞ്ഞ ശേഷവും ഒരു വർഷത്തോളം വലിയ കുഴപ്പം കൂടാതെ തന്റെ മാതാപിതാക്കളോടൊപ്പം അദ്ദേഹം കഴിഞ്ഞു. പിന്നീട് തന്റെ പ്രവർത്തനമേഖല ചുരുങ്ങുന്നതും, ചലിക്കാനുള്ള കഴിവ് പരിമിതപ്പെടുന്നതും അദ്ദേഹം മനസ്സിലാക്കി. "ഒരു ദിവസം ഉറങ്ങി എഴുന്നേൽക്കുമ്പോൾ എന്റെ രോഗത്തിന് മരുന്ന് കണ്ടുപിടിച്ചതായി കാണുമെന്ന് ഞാൻ അതിയായി വിശ്വസിച്ചു. ഈ ദിവസങ്ങളിൽ എന്നിൽ സംഭവിക്കുന്നതെല്ലാം സത്യമല്ലെന്നും ഒരു ദുഃസ്വപ്നം പോലെ എല്ലാം അവസാനിക്കുമെന്നും എനിക്ക് തോന്നിയിരുന്നു".


എന്നാൽ, യാഥാർത്ഥ്യം അതായിരുന്നില്ല:-

തന്റെ ജീവിതത്തെ കാർന്നുതിന്നാൻ വെമ്പുന്ന ഈ യാഥാർത്ഥ്യത്തെ താൻ അംഗീകരിച്ചേ മതിയാവൂ എന്നദ്ദേഹം അറിഞ്ഞു. അദ്ദേഹം പറയുന്നു നമുക്കിതിനെ രണ്ടു തരത്തിൽ നേരിടാം.

1. എന്തൊക്കെ സംഭവിക്കുന്നുവോ, അതുപോലെ മുമ്പോട്ടുപോകാൻ വിട്ടുകൊടുക്കുക.

2. അതിനോടു പോരാടുക.

(തുടരും...)



# ദൈവസാന്നിദ്ധ്യം കൂദാശകളിലൂടെ

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

ഈശോയുടെ ജോർദ്ദാനിലെ പ്രത്യക്ഷീകരണവും ഈശോയിലുള്ള പരി. ത്രിത്വത്തിന്റെ വെളിപാടും ഈശോയുടെ പരസ്യജീവിതത്തിലൂടെയുള്ള ദൈവാവിഷ്കരണവും ദെനഹാക്കാലം! ദെനഹാ (ദൈവികവെളിപാട്) ഈശോയിൽ പരിപൂർണ്ണമാക്കപ്പെട്ടു. മുമ്പ് പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ഇസ്രായേൽ ചരിത്രത്തിലെ വ്യത്യസ്തമായ സംഭവങ്ങളിലൂടെയും സ്വയം വെളിപ്പെടുത്തിയ ദൈവം സമയത്തിന്റെ പൂർണ്ണതയിൽ സ്വപുത്രനിലൂടെ അത് പൂർത്തിയാക്കി.

പൂർത്തിയാക്കപ്പെട്ട രക്ഷണീയകൃത്യവും ദൈവാവിഷ്കരണവും യുഗാന്തം വരെ തുടരുവാൻ അവിടുന്ന് തിരുമനസ്സായി. ദൈവികവെളിപാടിന്റെ പൂർണ്ണതയായ, രക്ഷകനായി അവതരിച്ച ഈശോ തന്നെത്തന്നെ വെളിപ്പെടുത്തിയത് പ്രത്യേകമായ പ്രവൃത്തികളിലൂടെയും പ്രബോധനങ്ങളിലൂടെയുമാണ്. വി. യോഹന്നാൻശ്ലീഹാ ഏഴ് അത്ഭുതപ്രവൃത്തികൾ വിവരിക്കുന്നത് ഈശോയുടെ ദൈവികമഹത്ത്വം വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ്. കാനായിലെ അത്ഭുതവിവരണാനന്തരം ശ്ലീഹാ സാക്ഷിക്കുന്നത്, "ഈശോ തന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം" (യോഹ 2,11) എന്നാണ്.

വിശക്കുന്നവർക്ക് അപ്പം വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ട് ജീവന്റെ അപ്പമായിത്തീരുന്ന തന്നെയും, കുരുടനു കാഴ്ച നല്കിക്കൊണ്ട് ലോകത്തിന്റെ പ്രകാശമായ തന്റെ ജീവനെയും അവിടുന്നു വെളിപ്പെടുത്തി. പുനരുത്ഥാനവും ജീവനുമായ ഈശോയെ ലാസറിനെ ഉയിർപ്പിച്ച സംഭവം വെളിപ്പെടുത്തി. ബേത്സഥായിലെ രോഗശാന്തി ആത്മീയ









ഭിഷഗ്വരനായ ഈശോയെ നമുക്കു കാട്ടിത്തന്നു.

മറിയത്തിൽനിന്നും സ്വീകരിച്ച മനുഷ്യശരീരത്തിൽ രക്ഷ പൂർത്തിയാക്കിയശേഷം മഹത്ത്വീകരിക്കപ്പെട്ട ഈശോ ഭൂമിയിൽ തന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുവാൻ, തന്റെ മൗതികശരീരമായി തിരഞ്ഞെടുത്ത സഭയിൽ കൂദാശകളാകുന്ന അത്ഭുതപ്രവൃത്തികളിലൂടെ പ്രത്യക്ഷീകരണം തുടരുന്നു. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരസംഭവങ്ങളെ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ആരാധനാസമൂഹത്തിൽ പ്രത്യക്ഷമാക്കിക്കൊണ്ട് സഭ രക്ഷയുടെ കൂദാശയായിത്തീരുന്നു. കൂദാശകൾ പ്രത്യക്ഷീകരണസംഭവങ്ങളാണ്. മരണോത്ഥാനങ്ങളിലൂടെ മനുഷ്യകുലത്തിന്റെ രക്ഷ സാധിച്ച ഈശോയെ മാമ്മോദീസാ പ്രത്യക്ഷമാക്കുന്നു. പിതൃഭവനത്തിന്റെ ആദ്യമഹത്ത്വത്തിലേക്ക് പ്രവേശിച്ച് ആ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി പരിശുദ്ധാത്മാവിനെ അയച്ച മിശിഹായെ തൈലാഭിഷേകം അവതരിപ്പിക്കുന്നു. മനുഷ്യരക്ഷാർത്ഥമുള്ള ദൈവപുത്രന്റെ നിത്യമായ ബലിയാണ് പരിശുദ്ധ കുർബാന വെളിപ്പെടുത്തുന്നത്.

മനുഷ്യകുലത്തിനായി സ്വയം കുരിശിൽ നിത്യബലിയായി പരമപിതാവിൻപക്കലർപ്പിച്ച് സഭയായ മണവാട്ടിയെ സ്വന്തമാക്കിയ ഈശോയുടെ സ്നേഹം വിവാഹമെന്ന കൂദാശ പ്രത്യക്ഷമാക്കുമ്പോൾ സ്വയാർപ്പണത്തിലൂടെ നിത്യപുരോഹിതനായ മിശിഹായുടെ നിത്യപൗരോഹിത്യം തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയിൽ പ്രത്യക്ഷമാക്കുകയാണ് പൗരോഹിത്യം എന്ന കൂദാശ. പാപമോചകനായി കടന്നുവന്ന് അവിടുത്തെ സമകാലികരായിരുന്ന യഹൂദർക്ക് ഇടർച്ചയാകുംവിധം അനുതാപികളെ വിശുദ്ധീകരിച്ച കാരുണ്യവാനും കൃപാനിധിയുമായ, കോപിക്കുന്നതിൽ വിമുഖനും സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനും തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണകാണിക്കുന്നവനുമായ ദൈവത്തിന്റെ (പുറ 34,6-7) ഏകജാതനെ അനുരഞ്ജനക്കൂദാശ വെളിപ്പെടുത്തിത്തരുന്നു. രോഗികൾക്ക് സൗഖ്യം നല്കുകയും രോഗികളെപ്പോലെ മുറിവേല്ക്കുകയും മറ്റുള്ളവരാൽ പരിത്യജിക്കപ്പെട്ടവരായിരുന്ന രോഗികളെപ്പോലെ പരിത്യക്തനാകുകയും പരിത്യജിക്കപ്പെട്ടവരുടെ സ്നേഹിതനായി കുഷ്ഠരോഗികളെ സ്പർശിച്ച് സുഖപ്പെടുത്തുകയും ചെയ്ത്, രോഗികളെയും പാപികളെയും തേടിയെത്തിയ ഈശോയെ രോഗീലേപനം നമുക്ക് സമീപസ്ഥനാക്കുന്നു.

ചുരുക്കത്തിൽ, മനുഷ്യന്റെ വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ സഭയിലൂടെ അവതരിക്കുന്ന ദൈവാവിഷ്കരണങ്ങളാണ് കൂദാശകൾ. ആകയാൽ കൂദാശകളെ വെറും ചടങ്ങുകളോ ഭക്തകർമ്മാനുഷ്ഠാനങ്ങളോ ആയി കാണാതെ ദൈവ-മനുഷ്യസംഗമമായി കാണുവാനും അപ്രകാരം ആഘോഷിക്കുവാനും കഴിയണം.



### പിണ്ടികുത്തിതിരുനാൾ

ദെനഹാതിരുനാളിന്റെ തലേരാത്രിയിൽ മലബാർ ക്രിസ്ത്യാനികളുടെയിടയിൽ പ്രചാരത്തിലിരുന്ന ആചാരങ്ങളിലൊന്നാണ് പിണ്ടികുത്തിതിരുനാൾ. വീടിന്റെ മുറ്റത്ത് വാഴപ്പിണ്ടി നാട്ടിനിർത്തിയശേഷം അതിൽ തിരികൾ കൊളുത്തി, 'ഏൽപയ്യ, ഏൽപയ്യ' (ദൈവം പ്രതാപവാനാകുന്നു) എന്നുപാടിക്കൊണ്ട് അതിനു ചുറ്റും കുട്ടികൾ നൃത്തം ചെയ്തിരുന്നു. ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ചുകൊണ്ട് തയ്യാറാക്കിയ വാഴപ്പിണ്ടിയിൽ തിരികൾ കൊളുത്തി പിണ്ടികുത്തിതിരുനാൾ ആഘോഷിച്ചിരുന്ന ഈ പതിവ് ഇന്നും തുടരുന്നവരുണ്ട്.



# അഴുകിയ തിന്മയുടെ പുറത്ത് ഉപ്പുവിതറുക; പ്രകാശം ആവശ്യമായ ആത്മാക്കളിലേക്ക് പ്രകാശം വ്യാപിപ്പിക്കുക

മങ്ങാടൻ

വാശിയേറിയ മത്സരവേദിയായിരുന്നു. വാക്കുകൾ അമ്മാനമാടിക്കൊണ്ട് പ്രേക്ഷകരെയും വിധികർത്താക്കളെയും കയ്യിലെടുത്ത ഡിബേറ്റ്. ക്രിസ്തീയ പശ്ചാത്തലമായിരുന്നതിനാൽ വിഷയം വിശുദ്ധിയായിരുന്നു. ഒരു കൂട്ടർക്ക് ആധുനിക ലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുക സാധ്യമാണ് എന്നും മറ്റേ കൂട്ടർക്ക് ആധുനികലോകത്തിൽ വിശുദ്ധിയിൽ ജീവിക്കുക സാധ്യമല്ല എന്നും. വിഷയം കേട്ടതേ ഞാൻ മനസ്സിലുറച്ചു സാധ്യമല്ല എന്ന വാദം വിജയിക്കാനാണ് സാധ്യത. അടിസ്ഥാനപരമായി വിശുദ്ധി സാധ്യമാണ് എന്നതാണ് സത്യമെങ്കിലും ഇന്നത്തെ ലോകത്തിലേക്ക് ഒരു വട്ടം കണ്ണോടിച്ചാൽ മനസ്സിലാക്കുവാൻ കഴിയുക തിന്മ അരങ്ങ് വാഴുന്ന ഇടമായി ലോകം മാറിയിരിക്കുന്നു എന്നതാണ്.









കായേൻ തുടങ്ങി Naveen Home Nursing ഉടമ ശ്രീകല വരെ നീണ്ടുനിൽക്കുന്നു. സ്വാർത്ഥതയുടെയും ചതിയുടെയും അസൂയയുടെയും ലോകം. സ്വാർത്ഥതയ്ക്കുവേണ്ടി, ജഡികസുഖത്തിനുവേണ്ടി, ആഡംബരത്തിനുവേണ്ടി, അന്യായസമ്പത്തിനുവേണ്ടി അറും കൊല നടത്താൻ മടിക്കാത്ത സ്ത്രീ. ഒരു സ്ത്രീ ഇത്ര പൈശാചികമാകുമ്പോൾ ലോകം എത്രമാത്രം കീഴ്മേൽ മറിഞ്ഞിരിക്കുന്നു എന്നതാണ് നാം ഗണിച്ചെടുക്കേണ്ടത്... എ ടി എം കൗണ്ടറിൽ ആക്രമണത്തിനിരയായ ജ്യോതി ഉദയ്കുമാറും, റിസോർട്ടിൽ കൂട്ടമാനഭംഗത്തിനിരയായ ഐടി ഉദ്യോഗസ്ഥയും അച്ഛന്റെ കാമപൂർത്തിക്കിരയായ 6–ാം ക്ലാസ്സുകാരി മകളും, അധാർമ്മികതയുടെ ഇരകളായി ലോകത്തിനു മുമ്പിൽ നിസ്സഹായരായി നിൽക്കുമ്പോൾ ധാർമ്മികതയുടെ ഓർമ്മപ്പെടുത്തലുകൾക്കു മുമ്പിൽ മനുഷ്യൻ അറിഞ്ഞുകൊണ്ട് കണ്ണടയ്ക്കുംപോലെ തോന്നുന്നു...

ഈ തിന്മകളാൽ അന്ധമായ ലോകത്തിൽ തിന്മ തിങ്ങിനിറഞ്ഞ് നന്മയെ ഞെരുക്കിക്കളയുമ്പോഴും ദൈവം ഹൃദയത്തിൽ നിക്ഷേപിച്ച നന്മയെ നഷ്ടമാക്കാതെ നന്മ 100 ഇരട്ടിയാക്കി ഹൃദയത്തിൽ പേറുന്നവർ, അവ ലോകത്തിനുപയുക്തമാക്കുന്നവർ ഉണ്ട് എന്ന് ലോകം സാക്ഷ്യപ്പെടുത്തുന്നു. ജനസമ്പർക്കപരിപാടിയിലൂടെ അനേകരുടെ നൊമ്പരങ്ങൾക്ക് കാതോർത്ത ബഹുമാന്യനായ ശ്രീ ഉമ്മൻചാണ്ടിയും ഒരു നേരത്തെ വിശപ്പടക്കുവാൻ അന്നവുമായെത്തുന്ന നവജീവൻ ട്രസ്റ്റ് പി.യു.തോമസ്സും, മാലാഖമാരുടെ സാന്നിദ്ധ്യം നൽകുന്ന അനേക വിശുദ്ധ സാമീപ്യങ്ങളും... ഇവരൊക്കെയും പ്രകാശമായി കടന്നുവന്ന രക്ഷകനെ ഓർമ്മപ്പെടുത്തുന്നു. യോഹന്നാന്റെ 1–ാം ലേഖനം 1–ാം അദ്ധ്യായം 6–ാം വാക്യത്തിൽ പറയുന്നു: "ദൈവം പ്രകാശമാണ്, ദൈവത്തിൽ അന്ധകാരമില്ല". അന്ധകാരമയമായ ലോകത്തിൽ യഥാർത്ഥ വെളിച്ചം പകരുവാൻ പ്രകാശമായ് കടന്നുവന്നവനോടൊപ്പം നമുക്കും ചേരാം. നമ്മുടെ പ്രവൃത്തിയിലൂടെ, ചിന്തയിലൂടെ, സംസാരത്തിലൂടെ... സഹജർക്ക് ശുഭവാർത്ത പകരുന്നവരാകാം. ദൈവദാസനായ വില്യം ജകചീൻതാ പിതാവിന്റെ വാക്കുകളെ നമുക്കു ഹൃദയത്തിലേറ്റുവാങ്ങി പ്രവൃത്തിപഥങ്ങളിലെത്തിക്കാം. **"ഈ ലോകത്തിലെ അഴുകിയ തിന്മയുടെ പുറത്ത് ഉപ്പു വിതറാനും പ്രകാശം ആവശ്യമുള്ള ആത്മാക്കളിലേക്ക് പ്രകാശം വ്യാപിപ്പിക്കാനും നമുക്കു ശ്രമിക്കാം"**.

ഡിബേറ്റിൽ പങ്കെടുത്ത കുഞ്ഞുങ്ങളുടെയുള്ളിൽ നന്മയുടെ അംശം ഏറെയുണ്ടായിരുന്നതിനാൽ വിശുദ്ധി ജീവിക്കുക സാധ്യമല്ല എന്നത് വാദിച്ച് ജയിക്കുന്നതിൽ അവർ വാഗ്മിത്വം ഇല്ലാത്തവരായി. മത്സരവേദിയിൽ സമ്മാനം ലഭിക്കാത്തതിൽ സന്തോഷമേ തോന്നിയുള്ളൂ. കാരണം ജീവിതത്തിൽ നേരിടുന്ന മത്സരത്തിൽ അവർ വിശുദ്ധിയിലെത്തും എന്നത് തീർച്ചയായി....എന്തെന്നാൽ ദൈവത്തെ നിഷേധിക്കാനവർക്കറിയില്ല. "ഒരു വാക്കുകൊണ്ടുപോലും".

സഹിക്കുന്ന ദാസൻ എന്ന നിലയ്ക്കുള്ള ഈശോയുടെ ദൗത്യത്തിന്റെ സ്വീകരണവും ഉദ്ഘാടനവുമാണ് ഈശോയുടെ ഭാഗത്തുനിന്ന് അവിടുത്തെ മാമ്മോദീസാ. പാപികളുടെകൂടെ എണ്ണപ്പെടുവാൻ അവിടുന്നു സ്വയം സമ്മതിക്കുന്നു. "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് അവിടുന്ന്" (യോഹ 1,29). അവിടുത്തെ മാമ്മോദീസാ അവിടുത്തെ രക്തം ചിന്തിയുള്ള മരണത്തിന്റെ മുന്നനുഭവമാണ് (ഏശ 53,12). എല്ലാ നീതിയും പൂർത്തിയാക്കുന്നതിന് അവിടുന്ന് ആഗതനായിരിക്കുന്നു. അതായത്, പിതാവിന്റെ തിരുഹിതത്തിന് അവിടുന്നു പൂർണ്ണമായി തന്നെത്തന്നെ വിധേയനാക്കുന്നു: നമ്മുടെ പാപമോചനത്തിനായി മരണത്തിന്റെ മാമ്മോദീസാ സ്വീകരിക്കുവാൻ ഈശോ സ്നേഹം നിമിത്തം സ്വയം സമ്മതിക്കുന്നു (മത്താ 3,15).



# പുതുജീവന്റെ ഉദയം!

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പ്രഭാതത്തിൽ ഉദിച്ചുയരുന്ന സൂര്യൻ ഒരു പുതിയ ദിനത്തിന്റെ അറിയിപ്പുകാരനാണ്. ഇതാ! ഇരുൾ നീങ്ങി പ്രഭാതമായി. 'ദെനഹാ'ക്കാലം. ഉദയസൂര്യന്റെ പ്രഭയെക്കാൾ മഹത്തരമായി, തിന്മയാകുന്ന ഇരുളിനെ തൂത്തെറിഞ്ഞ ഈശോമിശിഹായുടെ ഉദയത്തെ ധ്യാനിക്കുന്ന ദിനങ്ങളാണ്. നമുക്കായി പ്രകാശം പ്രത്യക്ഷമായി! അന്ധകാരത്തെ അകറ്റി അണയാത്ത പ്രകാശമായി ഈശോ ഉദിച്ചുയർന്നു!

എന്താണ് ഈശോയുടെ ഉദയം, അവിടുത്തെ പ്രത്യക്ഷീകരണം ലക്ഷ്യംവയ്ക്കുന്നത്? ഈശോയുടെ മാമ്മോദീസായുടെ വിവരണം നൽകുന്ന വിശുദ്ധ സുവിശേഷങ്ങളിലൂടെ നമുക്ക് കണ്ണോടിക്കാം. മഹനീയമായ ഒരു സംഭവമാണ് അവിടെ വിവരിക്കപ്പെടുക.





സ്വർഗ്ഗം തുറക്കപ്പെടുന്നു, പരിശുദ്ധാത്മാവ് ഈശോയുടെമേൽ ആവസിക്കുന്നു. 'എന്റെ പ്രിയപുത്രനെ'ന്ന വിളി കേൾക്കാനിടയാകുന്നു.

ഈശോ എന്തിനാണ് മാമ്മോദീസായ്ക്ക് അണഞ്ഞത്? മാർ അപ്രേം നൽകുന്ന ഉത്തരങ്ങൾ ചിന്തോദ്ദീപകങ്ങളാണ്: "പാപം നീക്കികളയാൻ നീതി പൂർത്തിയാക്കുന്നവൻ ആഗതനായി. തെറ്റുകാരനായ ആദത്തെ അവിടുന്ന് ധരിച്ചതിനാലാണ് കർത്താവ് സ്നാനമേൽക്കാൻ കടന്നുവന്നത്. അവിടുന്ന് മനുഷ്യശരീരം ധരിച്ച് ആവശ്യക്കാരനായി കാണപ്പെട്ടു" (സുവിശേഷ ഭാഷ്യം 4,1).

സകലതിലും സ്വസഹോദരങ്ങളോട് സദൃശ്യനാകാൻ മനുഷ്യത്വത്തിന്റെ സമഗ്രതയിൽ അവിടുന്ന് വന്നു. അവിടുത്തെ മാമ്മോദീസാ നമ്മുടെ മാമ്മോദീസായുടെ മുൻകുറിയാണ്. 'നീയെന്റെ പ്രിയ പുത്രനാണെ'ന്ന പിതാവിന്റെ സ്വരവും ദൈവപുത്രത്വത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിന്റെ ആവാസവും സ്വീകരിച്ചവരാണ് നാം. മറ്റു വാക്കുകളിൽ നാം ദൈവത്താൽ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തു! ഇതിനെക്കാൾ ധന്യമായി ഈലോക ജീവിതത്തിൽ എന്തു നേടാനാകും? നമ്മെ അറിഞ്ഞ, പേരുചൊല്ലി വിളിക്കുന്ന ദൈവത്തെ അറിയുകയും സ്നേഹിക്കുകയുമാണ് നമ്മുടെ ജീവിതനിയോഗം! മാർ അപ്രേം ഈ ധന്യതയെ വിവരിക്കുന്നത് ശ്രദ്ധേയമാണ്: "വിശുദ്ധനായി തീരുന്നയാൾ മഹത്ത്വീകരിക്കപ്പെടുന്നു; ബുദ്ധിയും ശക്തിയും ഉള്ളയാൾ കൂടുതൽ ബഹുമാനത്തിന് അർഹനാണ്. എന്നാൽ ഇവയെല്ലാം ഒത്തുചേർന്ന് ഒരാളിൽ ഒരേസമയം ഉണ്ടായാൽപോലും, **ദൈവത്തെ സ്നേഹിക്കുകയും ദൈവത്താൽ അറിയപ്പെടുകയും ചെയ്യുന്നവനുമായി അവനെ താരതമ്യപ്പെടുത്താനാവില്ല"** (സുവിശേഷഭാഷ്യം 9,7). ചുരുക്കത്തിൽ ദൈവം നിർദ്ദേശിച്ചു തന്ന പേരിന് ചേർന്ന ഒരു ജീവിതം നയിക്കുക. നമ്മുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മേൽ അധികാരമുള്ള ദൈവത്തിന് നമ്മെ പരിപൂർണ്ണമായി സമർപ്പിക്കുന്ന ജീവിതമാണ് കരണീയമായിട്ടുള്ളത്.

ഈശോയുടെ മാമ്മോദീസാ വേളയിൽ പരിശുദ്ധാത്മാവ് അവിടുത്തെമേൽ ആവസിച്ചു. പരിശുദ്ധാത്മാവുള്ള ജീവിതം ദൈവമക്കളുടെ ഏറ്റവും വലിയ സവിശേഷതയാണ്. "അന്നേ ദിവസം അനേകർ സ്നാനം സ്വീകരിച്ചെങ്കിലും ആത്മാവിറങ്ങി ആവസിച്ചത് ഒരാളുടെമേൽ മാത്രമായിരുന്നു; അവന്റെ സ്നാനാവസരം ആത്മാവ് താഴേക്കിറങ്ങിവന്നതിനാൽ, തന്റെ സ്നാനത്തിലൂടെ ആത്മാവ് നൽകപ്പെട്ടു" (മാർ അപ്രേം, സുവിശേഷഭാഷ്യം 4,3)

ദൈവത്വത്തിന്റെ കൃത്യമായ അടയാളം ഈശോ സ്വീകരിച്ചതിനു ശേഷമാണ് പ്രലോഭകൻ ഈശോയെ സമീപിച്ചത്. ദൈവമക്കളായ നാം ലോകത്തിൽ ആയിരിക്കുമ്പോൾ തിന്മയ്ക്കെതിരെ പോരാടേണ്ടിവരും. അപ്പോൾ വി. യോഹന്നാൻ ശ്ലീഹായുടെ വചനങ്ങൾ നമുക്ക് ഓർമ്മിക്കാം: "നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണ്". അതെ, ദൈവം നല്കിയ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് ലോകത്തെ ജയിക്കാൻ ഈ നാളുകൾ നമ്മെ കൂടുതൽ ശക്തരാക്കട്ടെ! ലോകത്തിൽ കറയറ്റ ദൈവമക്കളാകുവാൻ ദൈവിക പ്രവർത്തനങ്ങളോട് ആത്മാർത്ഥതയോടെ സഹകരിക്കാം.

> തന്റെ പുത്രനിലുള്ള സർവ്വ സംപ്രീതിയും ഉദ്ഘോഷിച്ചുകൊണ്ട് പിതാവിന്റെ സ്വരം പുത്രന്റെ സമ്മതത്തിനു പ്രത്യുത്തരം നല്കുന്നു. ഉത്ഭവനിമിഷംമുതൽ ഈശോയിൽ പൂർണ്ണമായി കുടികൊണ്ടിരുന്ന പരിശുദ്ധാത്മാവ് "അവിടുന്നിൽ ആവസിക്കുവാൻ" ആഗതനാകുന്നു (യോഹ 1,32 -33). മനുഷ്യകുലത്തിനു മുഴുവനുവേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ ഉറവിടമാണ് ഈശോ. അവിടുത്തെ മാമ്മോദീസായിൽ സ്വർഗ്ഗം തുറക്കപ്പെട്ടു (മത്താ 3,16). ആദത്തിന്റെ പാപംമൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം ഈശോയുടെ മാമ്മോദീസായിൽ അവിടുത്തെപ്രതി തുറക്കപ്പെട്ടു. ഈശോയും പരിശുദ്ധാത്മാവും ജലത്തിലേക്ക് ഇറങ്ങിയതോടെ ജലമെല്ലാം പവിത്രീകൃതമായി. നൂതന സൃഷ്ടികർമ്മത്തിന്റെ മുന്നോടിയായിരുന്നു ഇത്. (CCC 536)



# ദൈവത്തെ പുറത്താക്കരുത്

ഫാ. ഷിബു പുളിക്കൽ
കല്യാൺ രൂപത

രാത്രി വഴിയിലൂടെ സൈക്കിൾ ഓടിച്ചുപോകുന്ന കുട്ടിയെ തടഞ്ഞുനിർത്തി പോലീസുകാരൻ ചോദിച്ചു: "സൈക്കിളിൽ എവിടെയാടാ ഡൈനാമോ? കുട്ടി വിരുതനായിരുന്നു. അവൻ പറഞ്ഞു: 'സാറ് ചുറ്റുമൊന്നു നോക്കിക്കേ, വഴി വിളക്കുകൾ തെളിഞ്ഞു കിടക്കുന്നു. നല്ല നിലാവുമുണ്ട്. ഇവിടം മുഴുവൻ വെളിച്ചമാണ്. പിന്നെന്തിനാ സാറെ എന്റെ സൈക്കിളിൽ വെളിച്ചം?' പോലീസുകാരൻ അവനോട് പറഞ്ഞു: 'സൈക്കിൾ ഇങ്ങോട്ട് നീക്കിവയ്ക്കടാ'. അവൻ സൈക്കിൾ റോഡിന്റെ അരികിലേക്ക് നീക്കിവച്ചു. പോലീസുകാരൻ ഉടനെ സൈക്കിളിന്റെ ട്യൂബിന്റെ കാറ്റഴിച്ചുവിടാൻ തുടങ്ങി. 'അയ്യോ സാറേ, കാറ്റഴിച്ചു വിടരുത്, എനിക്ക് വീട്ടിൽ പോകണം!' അപ്പോൾ പോലീസുകാരൻ പറഞ്ഞു: 'നീ ഒന്നു പുറത്തേക്ക് നോക്ക്, ഇവിടം മുഴുവൻ കാറ്റല്ലേ? പിന്നെന്തിനാ നിന്റെ സൈക്കിളിൽ കാറ്റ്?'

ആഘോഷങ്ങൾക്കും, ആരവങ്ങൾക്കുമിടയിൽ ദൈവത്തെ മറന്നുപോകരുത്. പുറത്ത് എന്നതിനേക്കാൾ പ്രധാനമായി ദൈവം ഉണ്ടായിരിക്കേണ്ടത് നമ്മുടെ ഉള്ളിലാണ്. ഉള്ളിൽ ദൈവമില്ലെങ്കിൽ ജീവിതത്തിന്റെ താളം തെറ്റുന്നു. ഹൃദയത്തിൽ നിറയെ ദൈവവിശ്വാസവും ഉള്ളിൽ നിറയെ സ്നേഹവും മനസ്സിൽ നിറയെ പ്രത്യാശയും ഉണ്ടെങ്കിൽ നമുക്ക് പറയാൻ കഴിയും ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് എന്ന്. മുന്തിരിച്ചെടിയിൽ ചേർന്നിരിക്കാതെ ശാഖയ്ക്ക് ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. ദൈവത്തോടു ചേർന്നുനിൽക്കുക, അവിടുന്ന് നിങ്ങളോടും ചേർന്നുനിന്നുകൊള്ളും എന്ന വചനം എത്ര പ്രാവശ്യം ഉരുവിട്ടാലും മതിയാകില്ല.







ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുക. പൗലോസ്ശ്ലീഹാ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് "യേശുക്രിസ്തു നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്ക് ബോദ്ധ്യമായിട്ടില്ലേ? (1 കോറി 13:5). ആഘോഷങ്ങളും ഉത്സവങ്ങളും മാത്രമായി ജീവിതം അവസാനിപ്പിക്കാൻ പാടില്ല. നന്മയും സ്നേഹവും സാഹോദര്യവും ക്ഷമാശീലവുമൊക്കെ ഉള്ളിൽ നിറഞ്ഞാലേ ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും അർത്ഥമുണ്ടാകൂ. ഉള്ളിലുള്ള ദൈവികചൈതന്യത്തെ തിരിച്ചറിയാത്തതാണ് ഭൂമിയിലെ സകല അരാജകത്വങ്ങളുടെയും കാരണം.



മനുഷ്യൻ കെട്ടിപ്പൊക്കുന്ന മഹാസൗധങ്ങളിൽ വസിക്കാനല്ല ദൈവം ആഗ്രഹിക്കുക, മനുഷ്യന്റെ ഹൃദയത്തിൽ വസിക്കാനാണ്. പക്ഷേ ഉള്ളിൽ കുടികൊള്ളുന്ന ആ ചൈതന്യത്തെ കാണാൻ ബാഹ്യനേത്രങ്ങൾക്ക് സാധിക്കുന്നില്ല, ഉൾനേത്രങ്ങൾക്കേ അതിനു കഴിയൂ.

"ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എനിക്കായി വാതിൽ തുറന്നുതന്നാൽ ഞാൻ അവനിൽ വസിക്കും" (വെളി 3:20)

ദൈവചൈതന്യത്തിനു കുടികൊള്ളാൻ യോഗ്യമായ വാസസ്ഥലമായിരിക്കാൻ തക്കവിധം നമുക്ക് സൽപ്രവൃത്തികളാൽ നമ്മുടെ ഹൃദയത്തെ സജ്ജമാക്കാം. ദുഷ്ടപ്രവൃത്തികളാൽ നമുക്ക് നമ്മുടെ ഉള്ളിലുള്ള ചൈതന്യത്തെ ആട്ടിപ്പുറത്താക്കാതിരിക്കാം.

## ദൈവദാസൻ ബിഷപ്പ് വില്യം ജകീന്താ










# വചനം വായിക്കൂ... പിശാചിനെ അകറ്റൂ... സമ്മാനം നേടൂ...

കൂട്ടുകാരേ,

ഈശോയുടെ മാമ്മോദീസായുമായി ബന്ധപ്പെട്ടു കാണുന്ന സുവിശേഷഭാഗത്തിലെ ചില പദപ്രയോഗങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. ചില പിശാചുക്കൾ മൂലം അവയുടെ ജീവൻ നഷ്ടപ്പെട്ടു. നിങ്ങൾ അവയ്ക്ക് ജീവൻ നൽകൂ. സമ്മാനം നേടൂ.

1. സ്കന്നാപനായോൻഹ
2. വ്ദൈത്മാവാ
3. രോട്ടകഒമം
4. ൻദാർജോ
5. ദേസ്റോഹേ
6. ത്തോമുട്ടംരിന്തി
7. ത്താമലിഹേത്ത്
8. ലംയവാദേ
9. പുയപ്രിൻത്ര
10. നംനാസ്
11. സാരംന്തനമാ
12. ൻകപ്രഭലോ

കഴിഞ്ഞ ലക്കത്തിലെ വിജയി: റോൺ ജോസഫ് കുന്നത്തുപറമ്പിൽ പാദുവാനഗർ

(തയ്യാറാക്കിയത്: സൗമ്യാ കാഞ്ഞിരക്കാട്ട്)

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഫെബ്രുവരി 15).
**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



# PROCLAIM THE FAITH AND SAVE THE CHURCH

**Sqn. Ldr. K. S. Mathew** (Retd.)

The Church concluded the Year of Faith celebration and has entered the era of New Evangelization. What is the relevance of New Evangelization in our day to day life?

We the Syro Malabar Catholics are one of the leading communities of India among Parsis, Marwadis, Patels, Sikhs, Jains, Patnaiks, Reddis and Chettiars who maintains high standards in Health, Wealth and Education. But the present life style of our community is far from desirable in moral standards and we are running the risk of ruining from within due to Alcoholism, Matrimonial Infidelity and Sexual Anarchy. If immediate and bold steps are not taken to eradicate these evils ruining us we shall soon be perished.





There are 105 retreat centers in Kerala. People are attending retreats and the preachers are working day and night to ensure sanctification of the Catholics at large. The Catechists are working hard to give Faith Formation to the next generation. **But the moral standards of the members of the Catholic Church are on the decrease.** Why this moral degradation is happening to Catholics in spite of having the best facilities of sanctification (Sacraments) and the service of committed Clergy and Religious?

The Church authorities are concerned with these issues and admit that the present Catholic generation has lost the values of Christian Faith. Clergy, Religious and Catechists say that it is the prime responsibility of the parents to give Faith Formation to children. Parents say they are busy in providing livelihood to the children and are unable to give Faith Formation to the children and that is why they send them to Church leaders as they are the Spiritual Fathers and Teachers. The younger generations say they are not prepared to sacrifice pleasures of life for the sake of some outdated ideas called Church Doctrines. **If we agree to every segment's claim then we come to the conclusion that the Church community has lost the authenticity of its Faith.** Pope Benedict XVI exhorts evangelization as the only way to restore the authenticity of the Faith of the Church."*We want this Year to arouse in every believer the aspiration to profess the faith in fullness and with renewed conviction, with confidence and hope" (Porta fidei-9).* **He is also honest enough to admit that the Church has lost the authenticity of its Faith and there is urgent need to restore it .**

*"Hence the mission of evangelization, a continuation of the work desired by the Lord Jesus, is necessary for the Church: it cannot be overlooked; it is an expression of her very nature. In the course of history, this mission has taken on new forms and employed new strategies according to different places, situations, and historical periods... Without doubt a mending of the Christian fabric of society is urgently needed in all parts of the world… I consider it opportune to offer appropriate responses so that the entire Church, allowing herself to be regenerated by the power of the Holy Spirit, may present herself to the contemporary world with a missionary impulse in order to promote the new evangelization". (Ubicumque et semper)*

Faith is the foundation of Holiness (DV5&LG39-41). If evil ruining us has to be eradicated from the Church, Faith has to be brought back. Faith can be brought back only by proclaiming it. Works of charity and life witness are not replacement to it but complimentary qualities of an evangelizer. It is the command of Our Lord to proclaim Faith to the whole world (Mt.28:18-20; Mk.16:15; Lk.24:47; Act.1:8) and Faith cannot be safeguarded without proclaiming it (Mt.25:14-30). It is not the private property of the believer so that he keeps custody of if for handing down to his next generation. Every believer is a responsible propagator of Faith and every human being is entitled to receive it from the believer.

വിശുദ്ധരോടൊപ്പം



# വി. മാർട്ടിൻ ഡി പോറസ്

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

“**പോ**ടാ കറുമ്പാ, ഞാറക്കൊക്കേ...

കോലാപ്പീ... കണ്ടില്ലേ അവന്റെയൊരു കോലം! അല്ലേ... ഇതെന്നാ കറുപ്പാ. തനി നീഗ്രോയെപ്പോലെ... നീ ഞങ്ങളുടെ കൂടെ വരണ്ടാ... നിന്നെ ഞങ്ങൾക്കുവേണ്ടാ...”

കൂട്ടുകാരെല്ലാം കളിയാക്കി ഒറ്റപ്പെടുത്തിയപ്പോൾ അവൻ എന്റെ അടുത്തേക്ക് ഓടിവന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് നിഷ്കളങ്കതയോടെ ചോദിച്ചു:“ഞാൻ എങ്ങനെയാ ഇങ്ങനെയായിപ്പോയത്? എങ്ങനെയാ എന്റെ നിറം മാറ്റുന്നത്?” തേങ്ങിക്കരഞ്ഞുകൊണ്ട് അവൻ ചോദിച്ചു: “എന്നെ ആർക്കും വേണ്ടല്ലേ? എന്നെ ഒന്നിനും കൊള്ളില്ല... എന്റെ അമ്മയ്ക്കുപോലും എന്നെ വെറുപ്പാ സിസ്റ്റർ...” ഒറ്റപ്പെടുത്തലിന്റെയും കുറ്റപ്പെടുത്തലിന്റെയും നൊമ്പരങ്ങൾ പങ്കുവച്ചപ്പോൾ അവന്റെ കരച്ചിലിന് ശക്തികൂടി. അരികിൽ ചേർത്തുനിർത്തി ആ കുഞ്ഞിനെ ആശ്വസിപ്പിച്ചപ്പോൾ മറ്റൊരമ്മ തന്റെ മകനോട് പറഞ്ഞ വാക്കുകൾ കാതുകളിൽ മുഴങ്ങി:“പോകൂ ദൂരെ...” മകനെ തള്ളിമാറ്റിക്കൊണ്ടവൾ പൊട്ടിത്തെറിച്ചു. നിന്നെ കാണുന്നതുതന്നെ എനിക്കു വെറുപ്പാ. അറപ്പുളവാക്കുന്ന ഭീകരമായ കറുത്തനിറം മാറ്റാൻ യാതൊന്നിനും സാധ്യമല്ല. എന്നിട്ട് പുത്രി ജയിനിനെ തള്ളിമാറ്റിക്കൊണ്ട് പറഞ്ഞു:“ഇതിനെയും കൊണ്ടുപൊക്കോ... എന്റെ കൺവെട്ടത്തു കാണേണ്ട...” വാവിട്ടു കരയുന്ന കൊച്ചനിയത്തിയുടെ കൈ പിടിച്ചുകൊണ്ട് കൊച്ചുമാർട്ടിൻ തെരുവിലേക്കിറങ്ങി. അമ്മയുടെ മുറിപ്പെടുത്തുന്ന വാക്കുകളുടെ പിന്നിലെ വേദന അവൻ മനസ്സിലാക്കിയിരുന്നു.

കറുത്ത തൊലി വിരൂപമാണെങ്കിലും വിശുദ്ധനാകുവാൻ തന്റെ വൈരൂപ്യം തടസ്സമാകില്ലെന്ന് വിശ്വസിക്കാൻ തക്ക വിജ്ഞാനം ആ നീഗ്രോബാലനുണ്ടായിരുന്നു. തന്റെ കറുപ്പിനെ അവൻ വെറുത്തില്ല. വൈരൂപ്യത്തെ അവൻ സ്നേഹിച്ചു. വലിയവരെയും ചെറിയവരെയും കറുത്തവരെയും വെളുത്തവരെയും ഒരു കുടക്കീഴിലാക്കുന്ന ക്രൈസ്തവസ്നേഹത്തിന്റെ പ്രഘോഷകനായി മാറിയ മാർട്ടിൻ ഡി.പോറസായിരുന്നു ആ നീഗ്രോബാലൻ.

സാധാരണക്കാരിൽ സാധാരണക്കാരനായി എന്നാൽ, ദൈവസ്നേഹത്താൽ കത്തിയെരിഞ്ഞ് ത്യാഗസുരഭിലമായ ജീവിതം നയിച്ച വി. മാർട്ടിൻ ജനിച്ചത് സുന്ദരിയായ റോസാ പുണ്യവതി ജനിച്ച ലീമാ നഗരത്തിലാണ്. ഡോൺ ജുവാൻ ഡെപോറസ് പ്രഭുവിന്റെയും അന്നാ വെലാസ് ക്വെസ് ഹോരയുടെയും മകനായി ജനിച്ച മാർട്ടിന്റെ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് വായിക്കേണ്ടതുതന്നെയാണ്. “1579 നവംബർ 9-ാം തീയതി ബുധനാഴ്ച ഞാൻ മാർട്ടിനെ ജ്ഞാനസ്നാനപ്പെടുത്തി. പിതാവ് അജ്ഞാതനാണ്. അമ്മ അന്നാ വെലാസ് ക്വെസ്സ് ഹോരയാണ്. ജ്ഞാനസ്നാന മാതാപിതാക്കന്മാർ ജുവാൻ ഡെ ബ്രിവിയെസ്കായും അന്നാ ഡെ എർത്ത്കാർസെനയുമാണ് എന്ന് ഇടവക വികാരി ഡോൺ ജുവാൻ അന്തോനീയോ പൊളാങ്കോ (ഒപ്പ്)”.

പിതാവ് അജ്ഞാതനായിരുന്നില്ല. രാജകീയ ബഹുമതികളോടെ സൈന്യത്തിൽ ഉയർന്ന പദവിയിൽ വിരാജിച്ചിരുന്ന ഡോൺ ജുവാൻ ഡെ പോറസ് പ്രഭുവിന് നീഗ്രോയുവതിയിൽ ജനിച്ച മകനാണ് മാർട്ടിനെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമായിരുന്നു. സങ്കുചിതമനസ്സുള്ള പലരേയുംപോലെതന്നെ രാജ്യത്തെ അത്യുന്നത സമൂഹത്തിന്റെ സൗഭാഗ്യങ്ങളിലേക്കു പറന്നുയരാൻ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് തന്റെ ചിറകുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കളിമൺകട്ടയാണു കറുത്ത ഭാര്യയും മക്കളും എന്ന തോന്നൽ ശക്തമായപ്പോൾ അദ്ദേഹം അവരെ ഉപേക്ഷിച്ചുപോയി.

അപ്പന്റെ തിരസ്കരണം അമ്മയേയും മക്കളേയും തീരാദുഖത്തിലാഴ്ത്തി. “കറുപ്പ് വൈരൂപ്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും ചിഹ്നമാണോ?” ആ അമ്മ സ്വയം ചോദിച്ചു. അപ്പനുപേക്ഷിച്ചുപോയ മക്കളെ വളർത്താൻ അമ്മയ്ക്കു അത്യദ്ധ്വാനം ചെയ്യേണ്ടിവന്നു. അടുത്ത വീടുകളിൽപോയി ദാസ്യവേല ചെയ്താണ് നിത്യവൃത്തി പുലർത്തിയിരുന്നത്. അന്നന്നയപ്പത്തിനുപോലും ബുദ്ധിമുട്ടിയിരുന്ന കുടുംബത്തിൽനിന്നാണ് മകൻ അഗതികൾക്ക് അപ്പം പങ്കുവച്ചത്!

വർഷങ്ങൾ മുന്നോട്ടുനീങ്ങി. എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്ന ദൈവം മകന്റെ സ്വഭാവ



ഗുണത്തിലൂടെ അപ്പനിൽ മാനസാന്തരമുളവാക്കി. മാർട്ടിന്റെ സ്വഭാവഗുണത്തെപ്പറ്റി കേട്ട പിതാവ് രണ്ടു കുട്ടികളേയും എക്വഡോറിലേക്കു കൊണ്ടുപോയി അവിടെ താമസിപ്പിച്ചു പഠിപ്പിച്ചു. അവിടെ എഴുത്തും വായനയും പഠിച്ച മാർട്ടിൻ 13 വയസ്സുള്ളപ്പോൾ ഒരു ഡോക്ടറുടെ പീയൂണായി. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് നിസ്വാർത്ഥമായ സ്നേഹശുശ്രൂഷകൾ നൽകി എല്ലാവർക്കും എല്ലാമായിത്തീർന്ന കൊച്ചുമാർട്ടിൻ വളരെ വേഗം എല്ലാവരുടെയും കണ്ണിലുണ്ണിയായിത്തീർന്നു. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ പരസ്നേഹപ്രവൃത്തികളിൽ വ്യാപൃതനായിരുന്ന മാർട്ടിൻ രാത്രിയിൽ മെഴുകുതിരി വെട്ടത്തിൽ ഏതെങ്കിലും സദ്ഗ്രന്ഥം വായിക്കുന്നതിൽ മുടക്കം വരുത്തിയിരുന്നില്ല.

പതിനഞ്ചാമത്തെ വയസ്സിൽ വെറുമൊരു മൂന്നാംകിട ജോലിക്കാരനായി പ്രവേശനം നേടിയ മാർട്ടിൻ ഡി പോറസ് 24-ാമത്തെ വയസ്സിൽ ഡൊമിനിക്കൻ സന്ന്യാസസഹോദരനായി. പെറുവിലെ നീഗ്രോകളുടെയും ഇന്ത്യക്കാരുടെയും സ്പാനിഷ് വംശജരുടെയും ദുഃഖദുരിതങ്ങളകറ്റുവാൻ ശിഷ്ടായുസ്സു മുഴുവൻ ചെലവഴിച്ചു. രാത്രിയിൽ പ്രാർത്ഥനയിലും പ്രായശ്ചിത്തപ്രവൃത്തികളിലും വ്യാപൃതനായ മാർട്ടിൻ കറുത്തവനെന്നോ വെളുത്തവനെന്നോ വ്യത്യാസം കൂടാതെ ഏറ്റവും കൂടുതൽ സ്നേഹത്തോടെ പകൽ സമയം രോഗികളെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ആഫ്രിക്കയിൽനിന്നു വന്ന അടിമകൾക്കായി ധനികരിൽനിന്നു പിരിച്ചെടുത്ത തുകകൊണ്ട് ഒരു അനാഥശാല അദ്ദേഹം സ്ഥാപിച്ചു. ആഴ്ചതോറും 26000 രൂപയുടെ ദാനധർമ്മം ചെയ്യാൻ കഴിഞ്ഞിരുന്നു. '**ഉപവിയുടെ മാർട്ടിൻ**' എന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നു.

അദ്ദേഹത്തിന്റെ അത്ഭുതപ്രവർത്തനങ്ങളും ലാളിത്യവും നിഷ്കളങ്കതയും പരഹൃദയജ്ഞാനവും അനുഭവിച്ചറിഞ്ഞ ജനങ്ങൾ മാർട്ടിൻ ഡി പോറസിനെ ഒരു വിശുദ്ധനായി പരിഗണിക്കാൻ തുടങ്ങി. വെറും സ്പർശനം കൊണ്ടോ കുരിശടയാളം വരച്ചോ അദ്ദേഹം അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു. ആശ്രമദൈവാലയത്തിന്റെ ക്രൂശിതരൂപത്തിന്റെ മുൻപിൽ ധ്യാനനിമഗ്നനായ അദ്ദേഹത്തിന്റെ പാദം ഈശോയുടെ പാദംവരെ ഉയർന്നതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

സാധാരണ കാര്യങ്ങൾ അസാധാരണമായ രീതിയിൽ നന്നായി ചെയ്യുകയും അവയിൽ സ്വന്തം പരിവേഷത്തിന്റെ സാരം ദർശിക്കുകയും ചെയ്ത മറ്റനേകം വിശുദ്ധരെപ്പോലെയായിരുന്നു മാർട്ടിന്റെ ജീവിതവും. പാവങ്ങൾക്കു ഭക്ഷണം നല്കുക, ആശ്രമം വൃത്തിയാക്കുക, രോഗികളെ ആശ്വസിപ്പിക്കുക തുടങ്ങിയ സാധാരണ ജോലികൾ അസാധാരണമായ പരസ്നേഹത്തോടും ദൈവസ്നേഹത്തോടും കൂടെ ചെയ്യാൻ മാർട്ടിനു കഴിഞ്ഞിരുന്നു. ഏറ്റവും ഹീനമായ കടമകളനുഷ്ഠിക്കുന്നതിൽകൂടിയേ വിശുദ്ധന്മാരുടെ പ്രഭാവലയം നെയ്തെടുക്കാൻ സാധ്യമാവുകയുള്ളൂവെന്ന് ഈ നീഗ്രോ പുണ്യവാൻ മനസ്സിലാക്കിയിരുന്നു.







ഒറ്റപ്പെടുത്തലിന്റെ നൊമ്പരങ്ങളേറ്റുവാങ്ങിയ മാർട്ടിന് ഒറ്റപ്പെടുന്നവന്റെയും അനാഥന്റെയും അടിമയുടെയും ആത്മനൊമ്പരങ്ങൾ തൊട്ടറിയാൻ, അവരെ ആശ്വസിപ്പിക്കാൻ, അസാധാരണമായ സിദ്ധിയുണ്ടായിരുന്നു.

അതോടൊപ്പം ഒറ്റപ്പെടുത്തിയവരെയും പുച്ഛിച്ചു തള്ളിയവരേയും മാർട്ടിൻ വെറുത്തില്ല. പ്രത്യുത, കൂടുതലായി അവരെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ഏറ്റം സ്നേഹത്തോടെ തന്റെ ശുശ്രൂഷകൾ അവർക്കു നല്കുകയും ചെയ്തു. ധനികരുടെയും ദരിദ്രരുടെയും സുഹൃത്തായി മാറിയ ഈ നീഗ്രോപുണ്യവാൻ 60-ാമത്തെ വയസ്സിൽ തന്റെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു.

മാർട്ടിൻ ഡി. പോറസിന്റെ പാവനശരീരം ശ്മശാനത്തിലേക്കു ചുമന്നുകൊണ്ടുപോയത് പെറുവിലെ വൈസ്റോയിയും രണ്ടു മെത്രാന്മാരും ഒരു പ്രഭുവുമാണ്. ശവക്കല്ലറയേയും പൊടിയേയും തന്റെ പരസ്നേഹത്തിനു മുമ്പിൽ നിഷ്പ്രഭമാക്കിയ ഈ കൊച്ചു നീഗ്രോയുടെ ഭൗതികാവശിഷ്ടങ്ങളെ ജാതിമതവർഗ്ഗവർണ്ണ പ്രായഭേദമെന്യേ വലിയ ജനക്കൂട്ടം അനുഗമിച്ചു.

"അവൻ ശക്തന്മാരെ തങ്ങളുടെ സിംഹാസനത്തിൽനിന്നു താഴെയിറക്കുകയും വിനയമുള്ളവരെ ഉയർത്തുകയും ചെയ്തു". പരിശുദ്ധ അമ്മയുടെ സ്തോത്രഗീതത്തിലുള്ള ഈ തിരുവചനങ്ങൾ ഇത്രയും ഹൃദയസ്പൃക്കായ രീതിയിൽ ആലപിക്കപ്പെട്ടിട്ടുണ്ടാവില്ല. കാരണം, ശിശുവിന്റെ നൈർമ്മല്യതയും ലാളിത്യവും നിഷ്കളങ്കതയും നിറഞ്ഞുനിന്ന ഒരു വിശുദ്ധനെയാണവർ സംസ്കരിച്ചത്.

ഇവിടെ, മാർട്ടിൻ ഡി പോറസിന്റെ വിശുദ്ധമായ ജീവിതത്തിനു മുൻപിലിരുന്ന് നമ്മോടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കാം. നമ്മെത്തന്നെ വിലയിരുത്താം. പരിവർത്തനം വരുത്താം.

സമൂഹത്തിലും കുടുംബത്തിലും ഒറ്റപ്പെടുത്തലിന്റെ നൊമ്പരങ്ങൾ ഏറ്റുവാങ്ങുന്നവന്റെ പക്ഷത്തു നിൽക്കാൻ ഞാൻ തയ്യാറായിട്ടുണ്ടോ? നമ്മെ അധിക്ഷേപിക്കുന്നവരെയും തിരസ്കരിക്കുന്നവരെയും നിരുപാധികം സ്നേഹിക്കാൻ സാധിച്ചിട്ടുണ്ടോ? സമൂഹത്തിൽ അംഗീകാരവും പ്രശസ്തിയും സ്ഥാനമാനങ്ങളും നേടിയെടുക്കുവാൻ ഏതു കുത്സിത മാർഗ്ഗങ്ങളും സ്വീകരിക്കുന്നവനാണോ ഞാൻ? സാധാരണമായ ജോലികൾ അസാധാരണമായ ദൈവസ്നേഹത്തോടെയും പരസ്നേഹത്തോടെയും എനിക്കു ചെയ്യാൻ സാധിക്കുന്നുണ്ടോ? ഒന്നാമനാകുവാനും അറിയപ്പെടുവാനും ഡംഭുകാട്ടുവാനും ജാഡ കാട്ടുവാനുമൊക്കെ തത്രപ്പെടുമ്പോൾ എവിടെ എന്റെ ജീവിതവിശുദ്ധി?

സമൂഹം ഹീനമെന്ന് വിശേഷിപ്പിക്കുന്നവ ഏറ്റം സ്നേഹത്തോടെ ചെയ്യുവാൻ സാധിച്ചാൽ നാമും മാർട്ടിൻ ഡി. പോറസിന്റെയും മദർതെരേസയുടെയും ഗണത്തിലേക്കുയരും. നമുക്കും വിശുദ്ധരാകാൻ സാധിക്കും. അതിനായിട്ടാണല്ലോ നാം വിളിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസ്സഭ എന്ന പ്രമാണരേഖയിൽ അഞ്ചാം അദ്ധ്യായം മുഴുവനിലും ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നത് വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിയെപ്പറ്റിയാണ്. "ഏതു ജീവിതാന്തസ്സിലും പരിതസ്ഥിതികളിലുമായിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത സ്പഷ്ടമാണ്" (തിരുസ്സഭ 5:40).

ആയതിനാൽ പ്രിയപ്പെട്ടവരേ, സാധാരണജീവിതത്തിലൂടെ സാധാരണ ജീവിതാനുഭവങ്ങളെ വിശുദ്ധിയുടെ അസാധാരണത്വത്തിൽ വീക്ഷിച്ചുകൊണ്ട് ജീവിക്കുവാൻ ഈ ദനഹാക്കാലത്ത് പരിശ്രമിക്കാം.

നമുക്കു പ്രാർത്ഥിക്കാം:

മിശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു

"നരനിൽ സകലേശൻ
നവചൈതന്യത്തിൽ
നന്മകൾ വർഷിച്ചു
തൻ കരവിരുതാലലിവോടെ
മർത്ത്യനെ നല്ലൊരു ഭാജനമായ്
ഉലയിലുരുക്കിയ ലോഹം പോൽ
വീണ്ടും നിർമ്മിച്ചഖിലേശൻ
അവനെന്നും സ്തോത്രം പാടീടാം"
(ദനഹാക്കാലം ഞായർ റംശാ)



# പരിശുദ്ധ അമ്മ നമ്മുടെ ജീവിതത്തിൽ

**ഗ്രേറ്റ ഇൽഡഫോൺസ് ഗ്ലാഡ്**
ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം

രണ്ടാം വത്തിക്കാൻ കൗൺസിൽ പരി. മറിയത്തെപറ്റി ഇപ്രകാരം പറയുന്നു:“മാലാഖയുടെ മംഗളവാർത്തയനുസരിച്ച് ദൈവവചനത്തെ സ്വഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും അങ്ങനെ ലോകത്തിന് ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത കന്യകാമറിയത്തെ ദൈവത്തിന്റെയും രക്ഷകന്റെയും യഥാർത്ഥ മാതാവായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. ശിരസ്സായ ക്രിസ്തുവിന്റെ അവയവങ്ങളായി വിശ്വാസികൾ സഭയിൽ ജനിക്കുവാൻ സ്നേഹംനിമിത്തം സഹകരിച്ചതിനാൽ അവൾ സകല അംഗങ്ങളുടെയും മാതാവത്രെ”

ഈശോ തന്റെ മഹത്ത്വം വെളിപ്പെടുത്തിയതിന് പ്രവർത്തിച്ച ആദ്യ അടയാളമായ കാനായിലെ അത്ഭുതത്തിന് പ്രേരകശക്തിയായത് പരി. അമ്മയാണ്. നസ്രത്തിൽനിന്ന് 8 കിലോമീറ്റർ അകലെയാണ് കാനാ. ഗ്ലീലാ താഴ്‌വരയിൽ സ്ഥിതിചെയ്യുന്ന പ്രശാന്തസുന്ദരമായ പുണ്യസ്ഥലമാണ് ഇത്. കാനായിൽ ഇന്ന് രണ്ട് ദൈവാലയങ്ങൾ ഉണ്ട്. അതിലൊന്ന് ഗ്രീക്ക് ഓർത്തഡോക്സുകാരുടെയും മറ്റേത് കത്തോലിക്കരുടെയും ആണ്. 1879-ൽ നിർമ്മിക്കപ്പെട്ട കത്തോലിക്കാ ദൈവാലത്തിനകത്ത് കല്യാണവിരുന്ന് നടന്ന വീടിന്റെ അവശിഷ്ടങ്ങളും യഹൂദൻമാർ വീഞ്ഞു സൂക്ഷിച്ചിരുന്ന കൽഭരണികളും ഉള്ളതായി പറയപ്പെടുന്നു.

കാനായിലെ കല്യാണവിരുന്ന് മൂന്നു കാരണങ്ങളാൽ പ്രധാനപ്പെട്ടതാണ്.

1. കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യംവഴി ഈശോ വെള്ളം വീഞ്ഞാക്കി ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചു.
2. ഈശോ തന്റെ ദൈവികപ്രാഭവം പ്രകടമാക്കി.
3. ഈശോ തന്റെ പരസ്യജീവിതത്തിന് ആരംഭം കുറിച്ചു.

കാനായിലെ കല്യാണവിരുന്നിനെക്കുറിച്ചുള്ള വചനങ്ങൾ വായിക്കുമ്പോൾ പരി. അമ്മയുടെ





പല സുകൃതങ്ങൾ, പല സവിശേഷതകൾ മനസ്സിലാക്കണം.

പരി. മാതാവിനെ നമ്മുടെ സ്വന്തം അമ്മയായി സ്വീകരിക്കുമ്പോൾ, നാമും അമ്മയെപ്പോലെ ആകണം. ആ ഗുണങ്ങൾ, നമ്മുടെ ജീവിതത്തിലും പകർത്തിയാൽ മാത്രമേ, നമ്മൾ ആ അമ്മയുടെ മക്കളാണെന്ന് അവകാശപ്പെടുവാൻ സാധിക്കൂ.

നമ്മുടെകൂടെ ആയിരിക്കുന്ന പരി. അമ്മയുടെ ഗുണങ്ങളും സവിശേഷതകളും മനസ്സിലാക്കി, അനുകരിച്ച്, ഈശോയുമായി, നാം വ്യക്തിപരമായി ബന്ധം പുലർത്തിക്കൊണ്ടിരിക്കണം.

- മറ്റുള്ളവരെ / വ്യക്തികളെ സ്നേഹിക്കുന്ന അമ്മ...

- മറ്റുള്ളവരെ ബഹുമാനിക്കുന്ന / കരുതുന്ന അമ്മ...

- കുടുംബത്തെ സ്നേഹിക്കുന്ന അമ്മ...

- കുടുംബജീവിതത്തെ സ്നേഹിക്കുന്ന അമ്മ...

- കുടുംബക്കൂട്ടായ്മ ആഗ്രഹിക്കുന്ന അമ്മ...

- കുടുംബബന്ധങ്ങൾ വളർത്തി വലുതാക്കാൻ ആഗ്രഹിക്കുന്ന അമ്മ...

- കുടുംബസന്തോഷങ്ങളെ പൂർണ്ണമാക്കികൊടുക്കുന്ന അമ്മ...



- സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുന്ന അമ്മ...

- സ്വയം നമ്മുടെ ആവശ്യങ്ങൾ കണ്ടറിയുന്ന / ശ്രദ്ധിക്കുന്ന അമ്മ...

- മറ്റുള്ളവരുടെ വിഷമങ്ങൾ/വേദനകൾ തന്റേതാക്കി മാറ്റുന്ന അമ്മ...

- നാണം കെടുത്തുന്ന അവസ്ഥയിൽനിന്ന് മാനംകാക്കുന്ന അമ്മ...

- കുടുംബങ്ങളെ അപമാനത്തിൽനിന്ന് രക്ഷിക്കുന്ന അമ്മ...

- സ്വയം മറന്നുകൊണ്ടുള്ള നിസ്വാർത്ഥസേവനം ചെയ്യുന്ന അമ്മ...

**കാനായിലെ വിവാഹവിരുന്ന്**

വിവാഹവിരുന്ന് എന്നല്ല, സാധാരണ വിരുന്നിനുപോലും വെള്ളത്തിനു പകരം വീഞ്ഞു നൽകുക അന്നാട്ടിലെ ആചാരമാണ്. അപ്പോൾ വീഞ്ഞു തീർന്നുപോകുക എന്നു പറഞ്ഞാൽ കുടിക്കാൻ വെള്ളംപോലുമില്ല. എന്തു നാണക്കേടായിരിക്കും ആ കുടുംബത്തിന്. ഇത് എങ്ങനെയോ പരി. അമ്മ സ്വയം കണ്ടറിഞ്ഞു. സ്വന്തം കുടുംബത്തിൽ സംഭവിച്ചതുപോലെ, തനിക്കു സംഭവിച്ചതുപോലെ, വിഷമിക്കുന്നവരുടെ കൂടെ വിഷമിച്ചുകൊണ്ട്, അവരെ അപമാനത്തിൽ, നാണക്കേടിൽ നിന്നും രക്ഷിക്കാൻ സ്വയം സേവനത്തിനു തയ്യാറാകുന്നു. തന്റെ പ്രിയപുത്രനായ ഈശോയോട് പറഞ്ഞു: "അവർക്ക് വീഞ്ഞില്ല"

നമ്മുടെ ജീവിതത്തിലും നമ്മെ നാണം കെടുത്തുന്ന അവസ്ഥയിൽനിന്ന് പരി. അമ്മ രക്ഷിക്കും. നാണം കെടുത്തുന്ന അവസ്ഥ, രോഗങ്ങളാകാം – അത് ത്വക്കുരോഗമാകാം, കാൻസറാകാം, വിവാഹം നടക്കാത്ത അവസ്ഥയാകാം, ജീവിതപങ്കാളിയുടെ/മക്കളുടെ മദ്യപാനമാകാം, അവരുടെ സ്വഭാവദൂഷ്യമാകാം, വർഷങ്ങളായി വിവാഹം കഴിഞ്ഞിട്ടും കുട്ടികൾ ഉണ്ടാവാത്ത അവസ്ഥയാകാം, മറ്റുള്ളവരുടെ ആരോപണങ്ങളാകാം, സാമ്പത്തിക തകർച്ചയാകാം..., മാതാപിതാക്കൾ സംരക്ഷിക്കാത്ത അവസ്ഥയാവാം, മക്കൾ സ്നേഹിക്കാത്ത അവസ്ഥയാകാം. എന്തുമാകട്ടെ പരി. അമ്മയെ വീട്ടിലേക്ക് ക്ഷണിച്ച് കൂടെ കൊണ്ടുനടന്നാൽ മതി. തന്റെ പുത്രനോട് ശുപാർശ ചെയ്ത് സാധിച്ചുതരും തീർച്ച.

മറ്റുള്ളവരുടെ സങ്കടങ്ങളിൽ ഇടപെടുന്നതിനും പരിഹരിക്കുന്നതിനും ജീവിതം ഉപയോഗപ്പെടുത്തുന്ന പരി. അമ്മയുടെ ശൈലി / സംസ്കാരം നമ്മൾ അനുകരിക്കാതെ മറ്റുള്ളവരുടെ സങ്കടങ്ങളെ/ നാണക്കേടിനെ കൂട്ടാൻ ശ്രമിക്കുകയാണോ നാം പലപ്പോഴും. അല്ലെങ്കിൽ നാണംകെടുത്തുന്ന അവസ്ഥകളിലേക്ക് നാം മറ്റുള്ളവരെ കൊണ്ടെത്തിക്കാറുണ്ടോ?

അതുപോലെ ആവശ്യങ്ങളുടെ കരച്ചിലുമായി ആവശ്യക്കാർ എന്റെ അടുക്കൽ വരട്ടെയെന്ന് അമ്മ കരുതിയില്ല.

ഉറക്കെ വിളിച്ച് പ്രാർത്ഥിക്കട്ടെയെന്ന് കരുതിയില്ല. മുട്ടുമടക്കി എന്റെ മുമ്പിൽ വരട്ടെയെന്ന് നമ്മുടെ പരി. അമ്മ കരുതിയില്ല. വളരെ വിനയത്തോടും എളിമയോടുംകൂടി അമ്മ കാനായിലെ കുടുംബത്തെ രക്ഷിക്കുകയാണ്.

ഇവിടെ ഏറ്റവും പ്രധാനം പരി. അമ്മയുടെ ദൈവിക ചൈതന്യമാണ്, പരിശുദ്ധാത്മാവിന്റെ ഫലങ്ങളാണ്. പരി. അമ്മയുടെ സാന്നിദ്ധ്യം മറ്റുള്ളവരിൽ ദൈവികചൈതന്യം ഉണർത്തുകയും വളർത്തുകയും ചെയ്യും. അതുപോലെ പരി. അമ്മയുടെ എളിമയും വിനയവും നമ്മുടെ ജീവിതത്തിലും പകർത്തണം. അത് ദൈവകൃപകൾ നമ്മിലുണ്ടാകുന്നതിനുള്ള മാർഗ്ഗങ്ങളാണ്.



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# ജീവിതം ദൈവമഹത്ത്വത്തിനായി...

**ലീന അറയ്ക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

*"മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16).*

ഈശോ തന്റെ ജീവിതത്തിലുടനീളം ബദ്ധശ്രദ്ധനായിരുന്നത് തന്റെ പിതാവിനെ മഹത്ത്വപ്പെടുത്തുക എന്നതിൽ മാത്രമായിരുന്നു. അവിടുത്തെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും പ്രബോധനങ്ങളുടെയും അദ്ഭുതങ്ങളുടെയുമെല്ലാ ഏകലക്ഷ്യം ദൈവമഹത്ത്വം മാത്രമായിരുന്നു. മാത്രമല്ല അവിടുത്തെ മരണോത്ഥാനങ്ങളും ദൈവമഹത്ത്വം മാത്രം ലക്ഷ്യമാക്കിയായിരുന്നു എന്നതിന് സുവിശേഷം സാക്ഷ്യം നല്കുന്നുണ്ട്. അവിടുത്തെ പിൻഗാമികളായ ഓരോ ക്രിസ്ത്യാനിയുടെയും ജീവിതലക്ഷ്യവും ഇതുതന്നെയായിരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. ഇത് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനായി:

**ദൈവത്തോട്:** "വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കും" (യോഹ 11:40) എന്ന മിശിഹായുടെ വാക്കുകളിൽ മുറുകെപ്പിടിച്ചുകൊണ്ട് സർവശക്തനും പിതാവുമായ ഏകദൈവത്തിൽ വിശ്വസിക്കുക. സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്ന ഏക ദൈവത്തിന്റെ മഹത്ത്വം ദർശിക്കുവാൻ ഉൾക്കണ്ണു തുറക്കുക. ആ മഹത്ത്വം മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള ഉപകരണങ്ങളാക്കി മാറ്റുവാനുള്ള കൃപയ്ക്കായി നിരന്തരം പ്രാർത്ഥിക്കുക.

**നമ്മോടുതന്നെ:** ദൈവമഹത്ത്വം പ്രകടമാക്കുന്ന രീതിയിൽ പെരുമാറുക. ഓരോ പ്രവൃത്തിയും ചെയ്യുന്നതിനു മുമ്പും ശേഷവും ഇതിലൂടെ ദൈവം മഹത്ത്വപ്പെടുന്നു എന്ന് ഉറപ്പു വരുത്തുക. ദൈവമഹത്ത്വത്തിന് മങ്ങലേൽപിക്കുന്നതോ അവിടുത്തെ മഹത്ത്വത്തെ ഹനിക്കുന്നതോ ആയ ഏതു പ്രവൃത്തിയും എന്തു വില കൊടുത്തും വേണ്ടെന്നുവയ്ക്കുക. മറ്റുള്ളവരാൽ തിരസ്കൃതരാകേണ്ടിവരുമ്പോഴും അപമാനിക്കപ്പെടുമ്പോഴും മറ്റുള്ളവരുടെ മുമ്പിൽ താഴ്ത്തപ്പെടുമ്പോഴും ദൈവം മഹത്ത്വപ്പെടുകയാണ് എന്ന് തിരിച്ചറിയുക. കുരിശിലെ ഉയർത്തപ്പെടൽ ഏറ്റവും വലിയ മഹത്ത്വപ്പെടുത്തലായി കരുതിയ ഈശോയെപ്പോലെ സഹനത്തെ ദൈവം മഹത്ത്വപ്പെടാനുള്ള ശ്രേഷ്ഠമാർഗ്ഗമായി കണ്ട് സന്തോഷത്തോടെ അതിനെ സ്വീകരിക്കുക.

**മറ്റുള്ളവരോട്:** ദൈവികഭാവമായ ക്ഷമ ദൈവമഹത്ത്വത്തെ വെളിപ്പെടുത്തുന്നതിനുള്ള ഉന്നതമാർഗ്ഗമായി കണ്ട് ക്ഷമിക്കുക. ക്ഷമിക്കുവാൻ മറ്റുള്ളവർക്ക് പ്രേരണ നല്കുക. ക്ഷമ ചോദിക്കുവാൻ മടി കാണിക്കാതിരിക്കുക. ദൈവം മഹത്ത്വപ്പെടുത്തപ്പെടുന്നതിനായി മാത്രം പ്രാർത്ഥിക്കുക. നന്മപ്രവൃത്തികൾ ചെയ്യുക, ദാനധർമ്മങ്ങൾ നടത്തുക. സഹോദരന്റെ നന്മയും ദൈവമഹത്ത്വവും ലക്ഷ്യമാക്കി മാത്രം പ്രവർത്തിക്കുക. സ്വാർത്ഥതയുടെ നിഴലിനേപ്പോലും ഹനിക്കുക.

**സാഹചര്യത്തോട്:** ജീവിതത്തിലെ ഏതു സാഹചര്യവും ദൈവമഹത്ത്വം പ്രകടമാക്കുന്നതിനുള്ള വേദിയാക്കുക. സഹനവും കഷ്ടനഷ്ടങ്ങളും ദൈവമഹത്ത്വത്തിനാണ് എന്ന് തിരിച്ചറിയുക. ലഭിക്കുന്ന ജോലികളും ചെയ്തുകൊണ്ടിരിക്കുന്ന ഏതു ജോലിയും ദൈവം മഹത്ത്വപ്പെടാനായി എന്നെ ഏൽപ്പിച്ചിരിക്കുന്നതാണ് എന്നു കരുതുക. സ്നേഹത്തോടെ അത് ചെയ്യുക. അപ്പോൾ പരസ്യജീവിതത്തിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തിയ ഈശോയെപ്പോലെ നാമും ദൈവത്തെ മഹത്ത്വപ്പെടുത്തുന്നവരാകും.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ദനഹാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മിശിഹായുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലം അരൂപിയാൽ അഭിഷേകം ചെയ്യപ്പെട്ട് സുവിശേഷത്തിന് പുരോഹിതശുശ്രൂഷ നിർവഹിക്കുന്ന മിശിഹായുടെ ഓർമ്മയാചരിക്കുന്ന അവസരമാണ്. തന്റെ പരസ്യജീവിതത്തിലേക്ക് ഈശോ കടന്നുവരുന്നത് ഈ വസ്തുത പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ്: "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകംചെയ്തിരിക്കുന്നു" (ലൂക്കാ 4,18). സുവിശേഷത്തിന് പുരോഹിതശുശ്രൂഷ ചെയ്യുവാനാണ് ഓരോ പുരോഹിതനും പ്രത്യേകമായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത്. വി. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ പുതിയ നിയമപുരോഹിതശുശ്രൂഷ സുവിശേഷത്തിനുള്ള പുരോഹിതശുശ്രൂഷയാണ് (റോമാ 15,16). സുവിശേഷം പ്രസംഗിച്ചും പഠിപ്പിച്ചും വിശ്വസിക്കുന്ന ഒരു സമൂഹമായും സുവിശേഷം ജീവിച്ചും ജീവിപ്പിച്ചും സ്നേഹിക്കുന്ന ഒരു കൂട്ടായ്മയായും, സുവിശേഷം ആഘോഷിച്ചും ആഘോഷിക്കുന്നതിന് നേതൃത്വം നല്കിയും ആരാധിക്കുന്ന ഒരു സമൂഹമായും സഭയെ കെട്ടിപ്പടുക്കുവാൻ നമുക്കു സാധിക്കട്ടെ. അങ്ങനെ അരൂപിയാൽ നിറഞ്ഞ് മിശിഹായുടെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഈ ദനഹാക്കാലം നമുക്ക് അവസരമൊരുക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ


അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഡ്മിനിസ്ട്രേറ്റർ റോമാ രൂപതയിൽപ്പെട്ട ഡോൺ മാരിയോ പിയെറാച്ചി 2013 നവംബർ 18 മുതൽ 22 വരെയുള്ള തീയതികളിൽ മാൾട്ടാ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിന് നേതൃത്വം നല്കി. സെനക്കിൾ ആദ്ധ്യാത്മികതയുടെ അടിസ്ഥാനത്തിലുള്ള ധ്യാനം മാൾട്ടായിലെ വൈദികകൂട്ടായ്മയെ ഊട്ടിയുറപ്പിക്കുവാൻ വളരെയധികം ഉപകരിച്ചു. ഇന്ത്യൻ നേഷനിലെ സെനക്കിൾ വൈദികർ ഡിസംബർ 11 മുതൽ 13 വരെയുള്ള തീയതികളിൽ സ്പിരിച്ചാലിറ്റി സെന്ററിൽ ഒരുമിച്ചുകൂടി ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ വചനധ്യാനവും പങ്കുവയ്ക്കലും നടത്തി. വി. മത്തായിയുടെ സുവിശേഷം 24-25 അദ്ധ്യായങ്ങളുടെ വെളിച്ചത്തിൽ 'പുരോഹിതനും ആദ്ധ്യാത്മികജീവിതവും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വിചിന്തനങ്ങളും പ്രാർത്ഥനകളും പരസ്പരം പങ്കുവച്ചു. ഇറ്റാലിയൻ നേഷനിലെ സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാഷണൽ മേജർ ഫാദർ ഡോൺ ആർക്കാഞ്ചെലോ തുമിനാരോ രോഗബാധിതനായ വിവരം അറിഞ്ഞ് അദ്ദേഹത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിച്ചു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ,
*സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018*
എന്ന വിലാസത്തിൽ ബന്ധപ്പെടുക.





കവിത



# ശൈശവ മാനസം

**(ബോബൻ ജോസഫിന്റെ അവസാന കവിതകളിലൊന്ന്)**

ശിശുവിന് ഹൃദയം സ്വർഗ്ഗതുല്യം
ശൈശവ പുഞ്ചിരി പാല്പുഞ്ചിരി
നിദ്രയിൽ കുഞ്ഞതാ പുഞ്ചിരിതൂകുന്നു
സുന്ദരമോഹന സ്വപ്നം കാണുന്നൊരു
മാനസം കൊണ്ടൊരു കളിവീടൊരുക്കിയാ
പിഞ്ചു മനസ്സുകൾ ആനന്ദിക്കും
പനിനിർപൂവിന്റെ ചാരുതയോടെ
പൂന്തേനരുവിതൻ ശാന്തതയോടെ
പൂമലർവാടിതൻ ശോഭയോടെ
പുത്തനുണർവിന്റെ കാന്തിയോടെ
സൂര്യനെ വെല്ലും പ്രഭയാർന്നിതാ
ഒരു കുഞ്ഞു മുത്തിന്റെ പാൽപുഞ്ചിരി
നല്ലൊരു സ്വർഗത്തിന് താക്കോലത്ത്
ഹാ നല്ല ഉദ്യാന വാതിലത്
എത്രയോ നിർവൃതി നല്കുമാ പുഞ്ചിരി
എത്രനാളമ്മയ്ക്ക് കാണാനാക്കും
എത്രയോ സന്തോഷമുള്ളിൽ തുടിക്കുന്ന
ഓമനമുത്തു വളർന്നിടുമ്പോൾ
എവിടെയോ മറയുന്നാ സൗന്ദര്യവും
മാധുര്യമേറുന്ന മന്ദാരമലരായ്
മാനസവീണയിൽ വന്നീടുക
എന്നെന്നും മണ്ണിനാ നന്ദനം നല്കുന്ന
നാക വിളക്കിന് പ്രഭയോടെ നീ
പുഞ്ചിരി തൂകും മുഖത്തോടെ നീ
എന്നെന്നും ഞങ്ങൾക്ക് സ്വർഗമേകൂ

**നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബോബന് ആദരാഞ്ജലികൾ!**



**ബോബൻ ജോസഫ്**
(ലിറ്റിൽ ഫ്ളവർ ചർച്ച്, നെരൂൾ കല്യാൺ രൂപത)



# സൂര്യൻ അസ്തമിക്കുമോ?

ഷിനി തെരേസ് മുതുപ്ലാക്കൽ

'ഇരുളിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടി ഭൂമിയിലേക്കുവന്ന ഉയരത്തിൽനിന്നുള്ള ഉദയരശ്മി'(ലൂക്കാ 1,78-79)യായ മിശിഹായുടെ പരസ്യജീവിതമാണല്ലോ ദെനഹാക്കാലത്ത് നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12) എന്നരുളിച്ചെയ്തുകൊണ്ട് മനുഷ്യന്റെ ജീവിതത്തിലേക്ക് ഒരിക്കലും അസ്തമിക്കാത്ത പ്രകാശകിരണമായി ഈശോ കടന്നുവന്നു. എന്നിട്ടുമെന്തേ എന്നും അന്ധകാരത്തിലായിരിക്കുന്നതുപോലെ ചില മനുഷ്യജീവിതങ്ങൾ വിലപിക്കുന്നത്?

ഉദയാസ്തമയങ്ങൾ എന്നും കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതചര്യകൾ നിർവഹിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴും ഉന്നയിക്കാവുന്ന ഒരു ചോദ്യമുണ്ട് - സൂര്യൻ അസ്തമിക്കുമോ? സൂര്യന് യഥാർത്ഥത്തിൽ അസ്തമിക്കാൻ സാധിക്കുമോ? സ്രഷ്ടാവ് മനസ്സാകുന്നിടത്തോളംകാലം അത് ജ്വലിച്ചുകൊണ്ടിരിക്കുകയില്ലേ?

സൂര്യാസ്തമയം ജീവിതത്തിന്റെ ഭാഗമാകുമ്പോഴും, നമുക്കനുഭവവേദ്യമകുന്നതല്ല യാഥാർത്ഥ്യമെന്നും നിത്യം ജ്വലിച്ചുകൊണ്ടിരിക്കുന്ന സൂര്യനെ ഭൂമി ഭ്രമണം ചെയ്യുമ്പോഴുണ്ടാകുന്ന പ്രതിഭാസമാണ് ഉദയാസ്തമയങ്ങളെന്നും നമുക്കറിയാം. ഭൂമിയിൽ ജീവന്റെ നിലനില്പിന് അതാവശ്യമാണുതാനും.

നീതിസൂര്യനായ ദൈവം എല്ലാവരുടെയും ജീവിതത്തിൽ ചില അസ്തമയങ്ങൾ അനുവദിക്കാറുണ്ട്. അതിനുപിന്നിൽ നമ്മുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ദൈവത്തിന്റെ പരിപാലനയുടെ കരങ്ങൾ കാണാനാവാത്തതുകൊണ്ടാണ് മനുഷ്യഹൃദയങ്ങൾ വേദനയുടെ ചൂളയിലെരിയുന്നത്. എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്ന നല്ല ദൈവത്തിലുള്ള ആഴമായ വിശ്വാസമാണ് നമുക്കുവേണ്ടത്. 'ജീവിതത്തിലെ രാത്രികൾ' എന്നു വിശേഷിപ്പിക്കാവുന്ന കാലഘട്ടമാണ് തുടർജീവിതത്തിനാവശ്യമായ വെളിച്ചവും ഊർജ്ജവും പകർന്നതെന്ന് പല മഹത്വ്യക്തികളും സാക്ഷ്യപ്പെടുന്നത് നമുക്കോർക്കാം. അനുഭവങ്ങൾ ഗുരുവാകണം. അനുഭവങ്ങൾ തരുന്ന പാഠങ്ങളല്ലേ പലപ്പോഴും ജീവിതത്തിന് ദിശാബോധം നല്കുന്നത്!

പകൽസമയത്തുപോലും എപ്പോഴും നമുക്ക് സൂര്യനെ കാണാനാവണമെന്നില്ല. മേഘങ്ങൾ സൂര്യനെ നമ്മുടെ കാഴ്ചയിൽനിന്നും മറയ്ക്കാറുണ്ട്. ദൈവമാകുന്ന ദിവ്യസൂര്യപ്രഭയെ മറയ്ക്കുന്ന കാർമേഘങ്ങൾ നാം സൃഷ്ടിക്കുന്നുണ്ടോ എന്നും ചിന്തിക്കേണ്ടതാവശ്യമാണ്. അത് നമ്മുടെ പാപാവസ്ഥയാകാം, അന്ധവിശ്വാസങ്ങളാകാം, സ്വാർത്ഥതയോ, അഹംഭാവമോ, ദുഷ്ടതയോ അങ്ങനെ ദൈവസ്നേഹത്തിനു ചേരാത്തതെന്തുമാകാം, ദൈവത്തെ തള്ളിപ്പറയുന്ന പ്രത്യയശാസ്ത്രങ്ങളാവാം. ഇത്തരം മൂടുപടങ്ങൾക്കൊണ്ട് താല്ക്കാലികമായ ചില നേട്ടങ്ങൾ കൈവരിക്കാമെങ്കിലും നിത്യസൂര്യനായ ദൈവത്തെ എന്നന്നേയ്ക്കുമായി മറയ്ക്കുവാനാർക്കും സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യം മറക്കരുത്.

സൂര്യനിൽനിന്നും പ്രകാശം സ്വീകരിക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളും രാത്രിയിൽ ഒരുക്കുന്ന ദീപക്കാഴ്ച എത്ര മനോഹരമാണ്! അതുപോലെ നീതിസൂര്യനായ മിശിഹായിൽനിന്നും പ്രകാശം സ്വീകരിച്ച് അന്ധകാരത്തിന്റെ നിഴലിൽ വസിക്കുന്ന സഹോദരങ്ങൾക്ക് ചെറുപ്രകാശമേകുന്ന നക്ഷത്രങ്ങളായി നമുക്കു മിന്നിത്തിളങ്ങാം. പരസ്യജീവിതകാലത്ത് എല്ലാവർക്കും നന്മകൾമാത്രം നല്കിയ നല്ല തമ്പുരാന്റെ ചെയ്തികൾ ആവുംവിധം അനുകരിച്ചുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി നമുക്കു പ്രകാശിക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**






# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

ബെറ്റി കച്ചിറ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ലോകത്തിന്റെ പാപം നീക്കികളയുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ഞങ്ങൾക്കു പ്രദാനം ചെയ്യുവാനായ് വിശുദ്ധിയുടെ വിളനിലമായ് മാറിയ പരിശുദ്ധ അമ്മേ... ഈ ജപമാല രഹസ്യങ്ങളിലൂടെ ഞങ്ങൾ തീർത്ഥാടനം ചെയ്യുമ്പോൾ, ഈശോയെയും നിന്നെയും സ്നേഹിച്ചുകൊണ്ട്.. പരിശുദ്ധിയിൽ ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ.

**ഒന്നാം ദിവ്യരഹസ്യം**

“ഇവൻ എന്റെ പ്രിയപുത്രനാകുന്നു” എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായെപ്പോലെ ഞങ്ങളുടെ ജീവിതത്തിൽ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് അനുദിനം ജീവിക്കുവാനും പിതാവായ ദൈവത്തിനു പ്രീതിജനകരായ്തീരുവാനും വേണ്ട കൃപയ്ക്കായി അമ്മേ നീ പ്രാർത്ഥിക്കണമേ.

**രണ്ടാം ദിവ്യരഹസ്യം**

മനുഷ്യനായ യോഹന്നാന്റെ മുമ്പിൽ സ്വയം വിനീതനാക്കിക്കൊണ്ട് ജ്ഞാനസ്നാനം സ്വീകരിച്ച മിശിഹായേപ്പോലെ ഞങ്ങളുടെ ജീവിതയാത്രയിൽ വിനീതരായ് വർത്തിച്ചുകൊണ്ട് ജീവിക്കുവാൻ വേണ്ട കൃപയ്ക്കായി അമ്മേ നീ പ്രാർത്ഥിക്കണമേ.

**മൂന്നാം ദിവ്യരഹസ്യം**

ലോകത്തിന്റെ പ്രകാശമായ് ഈ ലോകത്തിലേക്കു കടന്നുവന്ന മിശിഹായേ, നിന്നെ അനഗമിക്കുന്ന ഞങ്ങൾ ഈ ലോകത്തിന്റെ അന്ധകാരത്തിൽ തപ്പിത്തടയാതെ മിശിഹായാകുന്ന പ്രകാശത്തിൽ എന്നും വ്യാപരിക്കുവാൻ വേണ്ട കൃപയ്ക്കായി അമ്മേ നീ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**നാലാം ദിവ്യരഹസ്യം**

പിതാവുമായുള്ള ഗാഢബന്ധത്തിൽ വസിച്ചുകൊണ്ട് മക്കളായ ഞങ്ങൾക്കും ഈ സ്നേഹബന്ധം വാഗ്ദാനം ചെയ്ത മിശിഹായേ, ഞങ്ങളും പരസ്പര സ്നേഹത്തിൽ, ഐക്യത്തിൽ വ്യാപരിച്ച് സാക്ഷ്യം നല്കുവാൻ വേണ്ട കൃപയ്ക്കായി അമ്മേ നീ പ്രാർത്ഥിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം**

പിതാവിന്റെ വാഗ്ദാനമായ് ഈ ലോകത്തിലേക്ക് ആഗതനായ മിശിഹായേ, ഞങ്ങളും വാഗ്ദത്തനാട്ടിൽ എത്തിച്ചേരാനും, നശിച്ചുപോകാത്ത കിരീടം നേടുവാനുംവേണ്ടി ജീവിതത്തിൽ നല്ല ഓട്ടം ഓടി പൂർത്തിയാക്കാൻ വേണ്ട കൃപ അമ്മേ നീ ഞങ്ങൾക്കു വാങ്ങി തരണമേ.

**സമാപന പ്രാർത്ഥന**

അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിച്ചിട്ടും ‘പുത്രൻ’ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെട്ടിട്ടും തന്റെ ബലഹീനതയിലും നിസ്സാരതയിലും അഭിമാനിച്ചുകൊണ്ട് ദൈവമഹത്ത്വത്തെ ഉറക്കെ ഉദ്ഘോഷിച്ച മാതാവേ, ഞങ്ങളുടെ ജീവിതത്തിൽ ഏതു നൊമ്പരത്തിലും സന്തോഷത്തിൽ ദൈവസ്തുതി നിറഞ്ഞുനില്ക്കാനും ഹൃദയത്തെ പിതാവിലേക്കുയർത്താനുംവേണ്ട കൃപ നീ ഞങ്ങൾക്ക് ഈ ദിവ്യരഹസ്യങ്ങളിലൂടെ വാങ്ങിത്തരണമേ.







**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**

## Spirituality Centre Programme

**January**

| | | |
|---|---|---|
| 11 | - | Youth Convention |
| 11 | - | Social Animators' Meeting |
| 14-15 | - | Cenacle Meeting (Sodales & Aspirants) |
| 18-23 | - | National Integration Camp |
| 25 | - | Recollection for Oblates |
| 25-26 | - | School of Bible |

**February**

| | | |
|---|---|---|
| 08 | - | Social Animators' Meeting |
| 15 | - | Recollection for Oblates |
| 15-16 | - | School of Bible |
| 18-19 | - | Cenacle Meeting (Sodales & Aspirants) |




# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“കർത്താവായ ദൈവമേ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായി അങ്ങയുടെ പുത്രനെ ലോകത്തിലേക്കയയ്ക്കുകയും അവൻവഴി കൃപയും സത്യവും പ്രാപിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. മാമ്മോദീസാവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയെ നവീകരിക്കുകയും രക്ഷയുടെ മാർഗ്ഗം വെളിപ്പെടുത്തുകയും ചെയ്ത അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുന്നു. മാമ്മോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കുവാനും നിനക്കു സജീവസാക്ഷ്യം വഹിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. ആമ്മേൻ”

(സീറോ മലബാർകുർബാനക്രമത്തിൽനിന്ന്)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്